I ഇ.ബി. XII - കേരള നിയമസഭ/XVII-7

# പന്ത്രണ്ടാം കേരള നിയമസഭ

പതിനേഴാം സമ്മേളനം

## നിയമസഭാ നടപടികൾ-സംഗ്രഹം

(ചോദ്യോത്തരങ്ങൾ ഒഴികെ)

2011 ഫെബ്രുവരി 16, ബുധൻ

നിയമസഭ രാവിലെ **8.30**-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. കെ. രാധാകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

(8.30 മുതൽ 9.30 വരെ ചോദ്യോത്തര സമയം)

## ഗവർണറുടെ സന്ദേശം

2011 ഫെബ്രുവരി മാസം 9-ാം തീയതി സഭ അംഗീകരിച്ച നന്ദിപ്രമേയത്തിന് കൃതജ്ഞത പ്രകാശിപ്പിച്ചുകൊണ്ട് ബഹുമാനപ്പെട്ട ഗവർണർ നൽകിയ സന്ദേശം ബഹുമാനപ്പെട്ട സ്പീക്കർ സഭയെ അറിയിച്ചു.

## ശ്രദ്ധക്ഷണിക്കൽ

(1) ഓണാട്ടുകര വികസന അതോറിറ്റി

ശ്രീ. എം. മുരളി: വിവിധ ഡിപ്പാർട്ടുമെന്റുകളുടെ പ്രവർത്തനം ഏകോപിപ്പിച്ച് ഓണാട്ടുകര കാർഷിക വികസന പാക്കേജ് അടിയന്തിരമായി നടപ്പിലാക്കുന്നതിന് ഒരു പ്രത്യേക അതോറിറ്റി രൂപീകരിക്കണം. പുഞ്ചക്കൃഷിക്കു പുറമെ വിരിപ്പൂ കൃഷിയുൾപ്പെടെയുള്ള നെൽക്കൃഷിയും മറ്റ് ഇടവേളകൃഷികളും ആട്, പശു, കോഴി, താറാവ്, മൽസ്യസമ്പത്ത് തുടങ്ങിയ സവിശേഷതകളെല്ലാം കണക്കിലെടുത്ത് നീണ്ടകര മുതൽ തോട്ടപ്പള്ളി

വരെയുള്ള 41 പഞ്ചായത്തുകളും 3 മുനിസിപ്പാലിറ്റികളും ഉൾക്കൊള്ളുന്ന ഓണാട്ടുകരയിൽ ഈയിടെ ചെറിയ നാട്ടുക്കൂട്ടങ്ങളും മഹാനാട്ടുക്കൂട്ടങ്ങളും സംഘടിപ്പിച്ചിരുന്നു. നാട്ടുചന്ത ഓണാട്ടുകരയുടെ മാത്രം പ്രത്യേകതയാണ്. ശുദ്ധജല പദ്ധതികളുൾപ്പെടെ കാർഷിക-കാർഷികാനുബന്ധ വികസനത്തിനായി കുട്ടനാട് പാക്കേജിൽ ഉൾപ്പെടുത്തിയ ഓണാട്ടുകരയ്ക്കായുള്ള പ്രത്യേക പ്രോജക്ടുകളുടെ പ്രവർത്തനം ഫലപ്രദമായും സുതാര്യമായും നടപ്പാക്കുന്നതിന് ഓണാട്ടുകരയ്ക്കു മാത്രമായി ഒരു പാക്കേജ് ഉണ്ടാക്കുകയും വിവിധ ഡിപ്പാർട്ടുമെന്റുകളെ ഏകോപിപ്പിക്കുന്ന പ്രത്യേക അതോറിറ്റി ഈ മാസംതന്നെ രൂപീകരിക്കുകയും വേണം. കുട്ടനാട് പാക്കേജ് ഫണ്ടിൽ നിന്ന് 100 കോടി രൂപ ഈ ആവശ്യത്തിനായി മാറ്റി വയ്ക്കണം.

കൃഷി വകുപ്പുമന്ത്രി <u>(ശ്രീ. മുല്ലക്കര രത്നാകരൻ):</u> 41 പഞ്ചായത്തുകളും മൂന്ന് മുനിസിപ്പാലിറ്റികളുമുൾക്കൊള്ളുന്ന മൂന്ന് ജില്ലകളിലായി വ്യാപിച്ചു കിടക്കുന്ന ഓണാട്ടുകരയുടെ സവിശേഷതകൾ കണക്കിലെടുത്ത് സമഗ്ര കാർഷിക പുരോഗതിക്കായി അവിടെ ചെറിയ നാട്ടുക്കൂട്ടങ്ങളും മഹാനാട്ടുക്കൂട്ടങ്ങളും സംഘടിപ്പിച്ചിരുന്നു. തരിശുഭൂമി ഇല്ലാതാക്കുക, പുഴകൾ വീണ്ടെടുക്കുക തുടങ്ങി ചെറിയ നാട്ടുക്കൂട്ടങ്ങളുടെ ആവശ്യങ്ങളുടെ അടിസ്ഥാനത്തിൽ മഹാനാട്ടുക്കൂട്ടങ്ങൾ സംഘടിപ്പിക്കുകയും പാൽ ഉൾപ്പെടെയുള്ള രണ്ടായിരത്തിലധികം വരുന്ന കാർഷികോൽപ്പന്നങ്ങൾ ഉണ്ടാക്കുന്ന ക്ലസ്റ്ററുകൾക്കുള്ള പ്രവർത്തനം നടന്നുകൊണ്ടിരിക്കുകയുമാണ്. 20 മുതൽ 40 കുടുംബങ്ങൾവരെ ഉൾപ്പെടുന്ന ചെറിയ ക്ലസ്റ്ററുകളെ സഹായിക്കുന്നതിന് പഞ്ചായത്തുതല അഡ്വൈസറി ബോർഡ് രൂപീകരിക്കുന്നതാണ്. 9 അംഗങ്ങളടങ്ങുന്ന ഒരു അപെക്സ് ബോഡിക്ക് കൃഷിയു

മായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ, ഉൽപ്പന്നങ്ങളുടെ കളക്ഷൻ, മാർക്കറ്റിംഗ്, സൂക്ഷിക്കൽ എന്നിവയുടെ ഉത്തരവാദിത്തം ഉണ്ടായിരിക്കുന്നതാണ്. നിലവിലുള്ള പ്രോജക്ടുകൾക്കുപരി കൃഷിയുടെ സമഗ്രതയ്ക്കു പുറമേ ഗ്രേഡ് തിരിക്കുക, മാർക്കറ്റിംഗ് കണ്ടെത്തുക, ലാഭം കർഷകരിൽ എത്തിക്കുക തുടങ്ങി 5 വർഷം കൊണ്ട് നടപ്പിലാക്കാവുന്ന 130 കോടി രൂപയുടെ ഒരു പുതിയ പ്രോജക്റ്റാണിത്. കുട്ടനാട് പാക്കേജിലുള്ള 300 കോടി രൂപയിൽ നിന്ന് 100 കോടി രൂപ ഓണാട്ടുകരയുടെ സമഗ്ര വികസനത്തിനായി മാറ്റുന്നതിൽ പ്രയാസമുണ്ടാവുകയില്ല. ഓണാട്ടുകരയുടെ സമഗ്ര പുരോഗതി ലക്ഷ്യം വച്ചുകൊണ്ട് 382 കോടി രൂപയുടെ ജലനിർഗ്ഗമന പദ്ധതികളും മറ്റ് പദ്ധതികളുമുണ്ട്. ഓണാട്ടുകര കാർഷിക ഗവേഷണ കേന്ദ്രം മെച്ചപ്പെടുത്തേണ്ടതുണ്ട്. ഇതെല്ലാം ചേർത്ത് ഓണാട്ടുകരയ്ക്കുവേണ്ടി ഒരു പാക്കേജ് രൂപീകരിക്കാനുള്ള നടപടിക്രമങ്ങൾ പ്രാഥമികാർത്ഥത്തിൽ നടക്കുകയാണ്. ഈ വർഷം അതിന്റെ നടപടികൾ നീക്കുകയും വരുന്നവർഷം നടപ്പിലാക്കുകയും ചെയ്യാവുന്നതാണ്. വഴിയോരക്കൃഷി പദ്ധതി നടപ്പിലാക്കിക്കഴിഞ്ഞു. ഓണാട്ടുകരയിലെ നാട്ടുക്കൂട്ടത്തിന്റെ തീരുമാനപ്രകാരം സമഗ്രമായ ഓണാട്ടുകര വികസനപദ്ധതിയുമായി മുന്നോട്ടുപോകുകയാണ്. അപെക്സ് സംവിധാനത്തിന്റെ പേരെന്താണെന്നുള്ളത് തീരുമാനിക്കാവുന്നതാണ്. 500 കോടി രൂപയുടെ പദ്ധതി നടപ്പിലാക്കുന്നതിന് വിവിധ ഡിപ്പാർട്ടുമെന്റുകളുടെ കോ-ഓർഡിനേഷനോടുകൂടിയ ഭരണസംവിധാനം ഏർപ്പെടുത്തണമെന്ന നിർദ്ദേശം പ്രത്യേകം പരിഗണിക്കുന്നതാണ്.

## (2) ആംബുലൻസ് സർവ്വീസ്

ശ്രീ. വി. എൻ. വാസവൻ : കേരള എമർജൻസി മെഡിക്കൽ സർവ്വീസസ് പ്രോജക്ടിന്റെ കീഴിലുള്ള ആംബുലൻസ് സർവ്വീസിന്റെ പ്രവർത്തനം സംസ്ഥാനത്തെ എല്ലാ ജില്ലകളിലേയ്ക്കും വ്യാപിപ്പിക്കണം. ഓരോ ദിവസവും യഥാസമയം ചികിൽസ ലഭിക്കാതെ അപകടമരണങ്ങളും കുഴഞ്ഞുവീണ് മരിക്കുന്നവരുടേയും എണ്ണം പെരുകിവരികയാണ്. അത്തരമൊരു ഘട്ടത്തിൽ എമർജൻസി സർവ്വീസിൽ സി.പി.ആർ. കൊടുക്കാനുള്ള എല്ലാ ആധുനിക സംവിധാനങ്ങളും പരിശീലനം സിദ്ധിച്ച സ്റ്റാഫുകളും സാങ്കേതികസൗകര്യങ്ങൾ മെച്ചപ്പെടുത്തിക്കൊണ്ടുള്ള സംവിധാനവും അതിലുണ്ട്. രോഗിക്ക് പ്രാഥമികചികിത്സാസൗകര്യം ഉറപ്പാക്കാനും ഡ്രിപ്പ് കൊടുത്ത് ആംബുലൻസിൽത്തന്നെ തൊട്ടടുത്ത ആശുപത്രിയിലേയ്ക്ക് കൊണ്ടുപോകാനും കഴിയുന്നതുമാണ്. പാരാമെഡിക്കൽ സ്റ്റാഫിന് ബ്ലഡ് ടെസ്റ്റ് ആംബുലൻസിൽത്തന്നെ നടത്തിക്കഴിഞ്ഞാൽ ആശുപത്രിയിലെത്തിക്കുമ്പോഴേയ്ക്കും അടിയന്തിരമായി ബ്ലഡ് വേണ്ടിവന്നാൽ കൊടുക്കാൻ കഴിയുന്ന സാഹചര്യമുണ്ടാകും. ആധുനികസൗകര്യങ്ങളുണ്ടാക്കുന്നതോടൊപ്പം മെഡിക്കൽ കോളേജുകളിലും മറ്റ് ആശുപത്രികളിലും 24 മണിക്കൂറും ബ്ലീഡിംഗ് സംവിധാനം ഏർപ്പെടുത്താൻ കഴിയണം. പെട്ടെന്നുണ്ടാകുന്ന രോഗങ്ങൾക്ക് അടിയന്തിര ചികിത്സ കിട്ടിയില്ലെങ്കിലുണ്ടാകുന്ന ദുരന്തം വളരെ വലുതാണ്. ഇത്തരത്തിലുള്ള ആധുനിക സംവിധാനത്തോടെയുള്ള ആംബുലൻസ് സംവിധാനം മറ്റ് ജില്ലകളിലേയ്ക്കുകൂടി വ്യാപിപ്പിക്കണം. അതുവഴി കുഴഞ്ഞുവീണും അപകടങ്ങളിൽപ്പെട്ടും സമയത്ത് ട്രീറ്റ്മെന്റ് ലഭിക്കാതെയും ഗുരുതരരോഗം ബാധിച്ചും മരിക്കുന്നവരുടെ എണ്ണം

കുറയ്ക്കാനും ഇതിന്റെ സൗകര്യം സാധാരണക്കാർക്കുകൂടി ലഭ്യമാക്കാനും സാധിക്കുന്നതാണ്.

ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ) : 2010 മേയ് 19-നാണ് പൈലറ്റ് പ്രോജക്ടായി തിരുവനന്ത പുരം ജില്ലയിൽ 25 ആംബുലൻസുകളുടെ പ്രവർത്തനം ഒരു എമർജൻസി മെഡിക്കൽ സർവ്വീസ് എന്ന നിലയിൽ ആരംഭിച്ചത്. റോഡപകടങ്ങൾ അനുദിനം പെരുകിക്കൊണ്ടിരിക്കുകയാണ്. അത്യാഹിതം സംഭവിക്കുമ്പോൾ ആംബുലൻസിൽ വച്ചുതന്നെ അടിയന്തിരപ്രഥമ ശുശ്രൂഷ നൽകി തൊട്ടടു ത്തുള്ള ആരോഗ്യകേന്ദ്രത്തിലെത്തിച്ച് ജീവൻ രക്ഷിക്കാൻ സഹായിക്കുന്ന പദ്ധതി വളരെയേറെ പ്രയോജനമാണെന്ന് തിരുവനന്തപുരത്തെ അനുഭവം വ്യക്തമാക്കുന്നു. സൗജന്യമായാണ് ആംബുലൻസ് സേവനം നൽകുന്നത്. നാളിതുവരെ തിരുവനന്തപുരം ജില്ലയിൽ പതിനേഴായിരത്തിൽപ്പരം അത്യാഹി തങ്ങൾ അറ്റൻഡ് ചെയ്തിട്ടുണ്ട്. അത്യാവശ്യഘട്ടങ്ങളിൽ 108 എന്ന നമ്പരിൽ വിളിച്ചാൽ ആംബുലൻസ് സേവനം ലഭ്യമാകുന്നതാണ്. ഇതിന്റെ പ്രവർത്തനം എല്ലാ ജില്ലകളിലേയ്ക്കും വ്യാപിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരികയാണ്. എ.എൽ.എസ് ആംബുലൻസ് സർവ്വീസിൽ എല്ലാ ജീവൻരക്ഷാ ഉപകരണങ്ങളും ഘടിപ്പിച്ചിട്ടുണ്ട്. അതിൽ ബ്ലീഡിംഗിനുള്ള സംവിധാനം ഏർപ്പെടുത്തുകയാണെങ്കിൽ കുറച്ചുകൂടി ചെലവേറും. കൂടുതൽ സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനെക്കുറിച്ച് പരിശോധിക്കുന്ന താണ്. ബി.എൽ.എസ്. ആംബുലൻസിന് കോസ്റ്റ് കുറവാണ്. സംസ്ഥാനത്ത് രണ്ട് തരത്തിലുള്ള ആംബുലൻസും ആവശ്യമാണ്. മൊബൈൽ ബ്ലീഡിംഗ്

സൗകര്യത്തോടുകൂടിയ ഒരു വാഹനത്തിനുള്ള അനുമതി കേന്ദ്ര ഗവൺമെന്റിൽനിന്നും കിട്ടിയിട്ടുണ്ട്.

## സബ്മിഷൻ

(1) ഫെയർ സ്റ്റേജ് അനുവദിക്കാൻ നടപടി

ശ്രീ. രാജാജി മാത്യു തോമസ് : തൃശൂർ-പാലക്കാട് ദേശീയപാതയിലെ പട്ടിക്കാട് സൂപ്പർ ഫാസ്റ്റ് ബസ്സുകൾക്ക് ഫെയർ സ്റ്റേജ് അനുവദിക്കാനാവശ്യമായ നടപടി സ്വീകരിക്കണം.

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. ജോസ് തെറ്റയിൽ) : തൃശൂർ-പാലക്കാട് ദേശീയ പാതയിലെ പട്ടിക്കാട് കെ.എസ്.ആർ.ടി.സി. സൂപ്പർഫാസ്റ്റ് ബസ്സുകൾക്ക് ഫെയർ സ്റ്റേജ് അനുവദിക്കാൻ നടപടി സ്വീകരിക്കുന്നതാണ്.

(2) എസ്.എസ്.എൽ.സി., പ്ലസ് ടു വിദ്യാർത്ഥികൾക്ക് ഗ്രേസ് മാർക്ക്

ശ്രീമതി കെ.കെ. ലതിക: കാർഷിക ജോലിയിൽ മികവ് പുലർത്തുന്ന എസ്.എസ്.എൽ.സി., പ്ലസ് ടു വിദ്യാർത്ഥികൾക്ക് പരീക്ഷകളിൽ ഗ്രേസ് മാർക്ക് അനുവദിക്കാൻ നടപടി സ്വീകരിക്കണം.

വിദ്യാഭ്യാസവും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രിക്കുവേണ്ടി എക്സൈസും തൊഴിലും വകുപ്പുമന്ത്രി (ശ്രീ. പി.കെ. ഗുരുദാസൻ): ശാസ്ത്ര മേളകൾ, യുവജനോത്സവം, ദേശീയ ബാലശാസ്ത്ര കോൺഗ്രസ്സ്, സ്കൗട്ട്സ് ആന്റ് ഗൈഡ്സ്, എൻ.സി.സി., റെഡ്ക്രോസ്, എൻ.എസ്.എസ്. കായികമേള എന്നിവയുമായി ബന്ധപ്പെട്ടാണ് നിലവിൽ എസ്.എസ്.എൽ.സി., പ്ലസ് ടു വിദ്യാർത്ഥികൾക്ക് ഗ്രേസ് മാർക്ക് നൽകുന്നത്. കാർഷിക ജോലികളിൽ മികവ് പുലർത്തുന്ന കുട്ടികൾക്ക് എൻ.എസ്.എസ്. പ്രവർത്തനത്തിന്റെ ഭാഗമായി ഗ്രേസ്മാർക്ക് ലഭിക്കാനുള്ള സാധ്യത ഇപ്പോൾത്തന്നെയുണ്ട്.

കാർഷികവൃത്തിക്ക് കൂടുതൽ പ്രാധാന്യം നൽകുന്ന വിധത്തിലാണ് ഇപ്പോൾ പാഠ്യപദ്ധതി പരിഷ്ക്കരിച്ചിട്ടുള്ളത്. കൃഷിയുമായി ബന്ധപ്പെട്ട് പ്രത്യേക ക്യാമ്പയിനുകളോ പ്രവർത്തന പദ്ധതികളോ ആവിഷ്ക്കരിക്കുന്ന ഘട്ടത്തിൽ ഗ്രേസ് മാർക്ക് നൽകുന്ന കാര്യം പരിശോധിക്കുന്നതാണ്.

(3) കുടിവെള്ളക്ഷാമം

ശ്രീ. മോൻസ് ജോസഫ്: കടുത്തുരുത്തി നിയോജകമണ്ഡലത്തിലെ കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിനുവേണ്ടി ആവിഷ്ക്കരിച്ചിട്ടുള്ള മുളക്കുളം-വെള്ളൂർ-വെളിയന്നൂർ, പട്ടർമഠം, കിടങ്ങൂർ-കാവാലിപ്പുഴ എന്നീ കുടിവെള്ള പദ്ധതികൾ പൂർത്തീകരിക്കാനാവശ്യമായ നടപടി സ്വീകരിക്കണം.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. എൻ.കെ. പ്രേമചന്ദ്രൻ): കടുത്തുരുത്തി നിയോജകമണ്ഡലത്തിൽ നടപ്പിലാക്കിവരുന്ന കുടിവെള്ള പദ്ധതികളുടെ നിർമ്മാണപ്രക്രിയകൾ പൂർത്തീകരിച്ചുവരികയാണ്. അവ എത്രയുംപെട്ടെന്ന് കമ്മീഷൻ ചെയ്യാനും ആ മേഖലയിലെ കുടിവെള്ളക്ഷാമം ശാശ്വതമായി പരിഹരിക്കാനും കഴിയുന്നതാണ്. തലയാഴത്തിനും സമീപപഞ്ചായത്തുകൾക്കുംവേണ്ടിയുള്ള ശുദ്ധജലവിതരണ പദ്ധതികളുടെ കടുത്തുരുത്തിയിൽ നിർമ്മിക്കുന്ന ടാങ്കുകളുടെ നിർമ്മാണപ്രവർത്തനത്തിനുള്ള ടെണ്ടർ സി.ടി.ഇ.-യുടെ പരിശോധനയ്ക്ക് വിധേയമാക്കിയശേഷം അനുമതി നൽകാമെന്ന നിലപാടാണ് ഇപ്പോൾ സ്വീകരിച്ചിട്ടുള്ളത്. അതിന്റെ അടിസ്ഥാനത്തിൽ കടുത്തുരുത്തി ടാങ്കിന്റെ നിർമ്മാണ പ്രക്രിയയും സി.ടി.ഇ.-യ്ക്ക് വിട്ട് പരിശോധിക്കുന്നതാണ്.

(4) <u>കർഷകത്തൊഴിലാളി പെൻഷൻ</u>

<u>ശ്രീ. ബി. രാഘവൻ</u>: സംസ്ഥാന ഗവൺമെന്റ് നൽകിവരുന്ന കർഷകത്തൊഴിലാളി പെൻഷൻ 500 രൂപയാക്കി വർദ്ധിപ്പിക്കുകയും കേന്ദ്ര ഗവൺമെന്റിൽ നിന്നുകൂടി 500 രൂപ പെൻഷൻ അനുവദിപ്പിക്കുന്നതിന് മുൻകയ്യെടുക്കുകയും ചെയ്യണം. കർഷകർക്കുള്ള വിവിധ ക്ഷേമനിധി ആനുകൂല്യങ്ങളിൽ കാലോചിതമായ വർദ്ധനവ് വരുത്താൻ നടപടി സ്വീകരിക്കണം.

എക്സൈസും തൊഴിലും വകുപ്പുമന്ത്രി <u>(ശ്രീ. പി. കെ. ഗുരുദാസൻ):</u> കർഷകത്തൊളിലാളി പെൻഷൻ സമീപഭാവിയിൽത്തന്നെ 500 രൂപയാക്കി വർദ്ധിപ്പിക്കുന്ന കാര്യം പരിഗണിക്കുന്നതാണ്. അതിവർഷാനുകൂല്യങ്ങൾ കൊടുക്കുന്നതിന് 114.9 കോടി രൂപ അനുവദിച്ചിട്ടുണ്ട്. ക്ഷേമനിധി ആനുകൂല്യങ്ങൾ വർദ്ധിപ്പിക്കുന്നത് സംബന്ധിച്ച ബോർഡിന്റെ നിർദ്ദേശങ്ങൾ സർക്കാർ പരിശോധിച്ചുവരികയാണ്.

(5) <u>പരീക്ഷാർത്ഥികളുടെ എണ്ണം</u>

<u>ശ്രീമതി കെ.എസ്. സലീഖ</u>: എസ്.എസ്.എൽ.സി. പരീക്ഷാഹാളിലെ പരീക്ഷാർത്ഥികളുടെ എണ്ണം വർദ്ധിപ്പിച്ചത് സംബന്ധിച്ച തീരുമാനം പുന:പരിശോധിക്കുന്നതിനും തുടർന്നുവന്നിരുന്ന സമ്പ്രദായം തന്നെ നിലനിർത്തുന്നതിനുമാവശ്യമായ നടപടി സ്വീകരിക്കണം.

വിദ്യാഭ്യാസവും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രിക്കുവേണ്ടി എക്സൈസും തൊഴിലും വകുപ്പുമന്ത്രി <u>(ശ്രീ. പി.കെ. ഗുരുദാസൻ</u>): പല സ്കൂളുകളിലും സ്ഥലസൗകര്യമില്ലാത്തതുകൊണ്ടാണ് എസ്. എസ്.എൽ.സി. പരീക്ഷാഹാളിൽ ഈ വർഷം ഒരു മുറിയിൽ 20 പരീക്ഷാർത്ഥികളെ

ഇരുത്തുന്നത്. അതേസമയത്ത് തന്നെ ടി.ടി.സി. പരീക്ഷയും നടത്തുന്നുണ്ട്. കുട്ടികൾക്ക് സ്വസ്ഥമായി പരീക്ഷയെഴുതാനുള്ള അന്തരീക്ഷമാണ് പ്രധാനം. നിലവിൽ ഒരു ബെഞ്ചിൽ രണ്ട് എസ്.എസ്.എൽ.സി. കുട്ടികൾ മാത്രമേ ഉണ്ടാകുന്നുള്ളൂവെന്നുള്ളതുകൊണ്ട് ഒരു ഹാളിൽ 20 പേർ ഇരിക്കുന്നതുകൊണ്ട് ബുദ്ധിമുട്ടുണ്ടാവുകയില്ലെന്നു മാത്രമല്ല പരീക്ഷാ നടത്തിപ്പും സംഘാടനവും മെച്ചപ്പെടുത്താനും കഴിയും.

(6) <u>യുണൈറ്റഡ് ഇലക്ട്രിക്കൽ ഇൻഡസ്ട്രീസിലെ പ്രതിസന്ധി</u>

<u>ശ്രീ. എൻ. അനിരുദ്ധൻ:</u> കൊല്ലം യൂണൈറ്റഡ് ഇലക്ട്രിക്കൽ ഇൻഡസ്ട്രീസ് നേരിടുന്ന പ്രതിസന്ധി പരിഹരിച്ച് ലാഭത്തിൽ പ്രവർത്തിപ്പിക്കാൻ നടപടി സ്വീകരിക്കണം.

വ്യവസായ വകുപ്പുമന്ത്രി <u>(ശ്രീ. എളമരം കരീം)</u>: എൽ.സി.ഡി. മീറ്ററിന്റെ നിർമ്മാണവുമായി ബന്ധപ്പെട്ട് കമ്പനിയിലുണ്ടായ ചില സാങ്കേതിക പ്രശ്നങ്ങൾ കമ്പനിയുടെ പ്രവർത്തനത്തെ പ്രതികൂലമായി ബാധിച്ചിരുന്നു. മെക്കാനിക്കൽ കൗണ്ടർ ടൈപ്പ് മീറ്ററുകളാണ് കെ.എസ്.ഇ.ബി.-ക്ക് കമ്പനി 2009 ഡിസംബർ വരെ നൽകിയത്. തുടർന്ന് കെ.എസ്.ഇ.ബി. എൽ.സി.ഡി. മീറ്ററിനായിരുന്നു ഓർഡർ നൽകിയത്. എൽ.സി.ഡി. മീറ്റർ നിർമ്മാണത്തിലെ ടെക്നോളജിയിലുണ്ടായ മാറ്റവും മീറ്റർ നിർമ്മാണത്തിനാവശ്യമായ അസംസ്കൃത വസ്തുവായ പോപ്പുലേറ്റഡ് പ്രിന്റഡ് സർക്യൂട്ടിന്റെ ദൗർലഭ്യവുമാണ് കമ്പനിയിൽ ചെറിയ തോതിൽ പ്രതിസന്ധി സൃഷ്ടിച്ചത്. ഇപ്പോൾ പോപ്പുലേറ്റഡ് പ്രിന്റഡ് സർക്യൂട്ട് ബോർഡ് കെൽട്രോണിൽ നിന്നുകൂടാതെ അംഗീകൃത ഉൽപ്പാദകരിൽ നിന്നുകൂടി വാങ്ങാൻ തുടങ്ങിയതിനാൽ പ്രശ്ന

ങ്ങളെല്ലാം പരിഹരിച്ച് കുറ്റമറ്റ രീതിയിൽ മീറ്ററുകൾ നിർമ്മിക്കാൻ തുടങ്ങി യിട്ടുണ്ട്.

### (7) കടലാക്രമണ പ്രതിരോധ പദ്ധതി

ശ്രീ. ടി.എൻ. പ്രതാപൻ: ഡോ. വി.വി. വേലുക്കുട്ടി അരയൻ ആവിഷ്ക്കരിച്ച കടലാക്രമണ പ്രതിരോധ പദ്ധതി പരീക്ഷണാർത്ഥം കേരള ത്തിന്റെ തീരപ്രദേശങ്ങളിൽ നടപ്പിലാക്കാൻ ആവശ്യമായ നടപടി സ്വീകരി ക്കണം.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. എൻ.കെ. പ്രേമചന്ദ്രൻ): ഡോ. വി.വി. വേലുക്കുട്ടി അരയൻ 1954-ൽ കേന്ദ്ര-സംസ്ഥാന സർക്കാരുകൾക്ക് സമർപ്പിച്ച കടലാക്രമണ പ്രതിരോധ പദ്ധതി പരീക്ഷണാർത്ഥം നടപ്പാക്കണമെന്ന ആവശ്യം നേരത്തെ സഭയിൽ ഉന്നയിച്ചതിന്റെ അടിസ്ഥാനത്തിൽ ഇതുസംബ ന്ധിച്ച് പഠനം നടത്തി റിപ്പോർട്ട് സമർപ്പിക്കാൻ ഗവൺമെന്റ് ഒരു സമിതിയെ നിയോഗിച്ചു. 30-10-2006-ൽ ചേർന്ന യോഗതീരുമാനപ്രകാരം പൈലറ്റ് പ്രോജക്ടായി ഈ പ്രൊപ്പോസൽ നടപ്പാക്കുന്നതിന് ചീഫ് എഞ്ചിനീയർ (ഇറിഗേഷ)-ന് നിർദ്ദേശം നൽകി. അതനുസരിച്ച് കേരളത്തിലെ തീരപ്രദേശ ങ്ങളിൽ പഠനം നടത്തിയെങ്കിലും ബീച്ച് നറിഷ്മെന്റ് പ്രൊപ്പോസലിന് അനുകൂലമായ ശുപാർശ ലഭിച്ചില്ല. അതിനുശേഷം ഇതുസംബന്ധിച്ച് സി.ഡബ്ലിയു.ആർ.ഡി.എം. സമർപ്പിച്ച റിപ്പോർട്ടുപ്രകാരം ഏതാണ്ട് ഒരു കിലോമീറ്ററിനുള്ളിലായി കടലിൽത്തീരത്തിന് സമാന്തരമായി ചാനൽ ഉണ്ടാ ക്കുന്നതുമൂലം കടലാക്രമണത്തിന്റെ തീവ്രത കുറയുന്നില്ലെന്നും 1960-ൽ ആലപ്പുഴ ജില്ലയിലെ പുറക്കാട് തീരപ്രദേശത്ത് കൃത്രിമ ബീച്ച് നറിഷ്മെന്റ് പരീക്ഷിച്ചുവെങ്കിലും ഫലപ്രദമായില്ല എന്നുമാണ്. കേരളതീരത്ത് നിന്ന്

വിഭിന്നമായി നോർവീജിയൻ തീരപ്രദേശം പാറക്കെട്ടുകളുള്ളതായതുകൊണ്ട് അവിടെ ഇത് ഫീസിബിളായി എന്നാണ് റിപ്പോർട്ടിൽ നിന്നും വ്യക്തമായത്. വീണ്ടും ഈ വിഷയം സഭയുടെ മുന്നിൽ വന്ന പശ്ചാത്തലത്തിൽ ഇത് ടെക്നിക്കലി ഫീസിബിൾ ആണെന്നുണ്ടെങ്കിൽ ശാസ്ത്ര-സാങ്കേതികരംഗത്ത് വൈദഗ്ദ്ധ്യമുള്ളവരുടെ ഒരു സമിതിയെ ഈ പ്രശ്നം പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിനായി നിയോഗിക്കുന്നതാണ്. നീണ്ടകര അഴി മുതൽ കായംകുളം അഴിവരെയുള്ള ഒരു സ്ട്രക്ച്ചർ പരീക്ഷണാർത്ഥം നടപ്പാക്കുന്ന തിനെ സംബന്ധിച്ചുകൂടി റിപ്പോർട്ട് സമർപ്പിക്കാൻ ഈ കമ്മിറ്റിയോട് ആവശ്യപ്പെടുന്നതാണ്. പഠനറിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

(8) <u>അന്യസംസ്ഥാന തൊഴിലാളികളുടെ കുടിയേറ്റം</u>

<u>ശ്രീ. കെ. ശിവദാസൻ നായർ</u>: അന്യസംസ്ഥാനങ്ങളിൽ നിന്നും കേരളത്തിൽ പണിയെടുക്കാൻ വരുന്ന തൊഴിലാളികളുമായി ബന്ധപ്പെട്ടുണ്ടാകുന്ന പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി ഈ തൊഴിലാളികളെ സംസ്ഥാനത്തിലേയ്ക്ക് കൊണ്ടുവരുന്ന കോൺട്രാക്ടർമാർ തൊഴിലാളികളുടെ പേര്, താമസസ്ഥലം തുടങ്ങിയ വിശദ വിവരങ്ങളടങ്ങിയ ലിസ്റ്റ് തയ്യാറാക്കി തൊഴിലിൽ ഏർപ്പെട്ടിരിക്കുന്ന പരിധിയിലുള്ള പോലീസ് സ്റ്റേഷനിലോ തൊഴിൽ വകുപ്പിലോ ഏൽപ്പിക്കുന്നതിനുവേണ്ട സംവിധാനം അടിയന്തിരമായി ഏർപ്പെടുത്തണം.

ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (<u>ശ്രീ. കോടിയേരി ബാലകൃഷ്ണൻ</u>): അന്യസംസ്ഥാനങ്ങളിൽ നിന്നും കേരളത്തിലേയ്ക്ക് വരുന്ന തൊഴിലാളികളുമായി ബന്ധപ്പെട്ടുണ്ടാകുന്ന പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി ഡി.ജി.പി.-യുടെ എക്സിക്യൂട്ടീവ്

ഡയറക്ടീവ് പ്രകാരം അതാത് പോലീസ് സ്റ്റേഷനിലെ എസ്.എച്ച്.ഒ.-മാർ അന്യസംസ്ഥാന തൊഴിലാളികളെ കൊണ്ടുവരുന്ന തൊഴിൽദാതാക്കളോട് തൊഴിലാളികളുടെ ഡ്രൈവിംഗ് ലൈസൻസ്, ഫോട്ടോ ഐഡന്റിറ്റി കാർഡ്, വ്യക്തിഗത വിവരങ്ങൾ എന്നിവ കൈവശം സൂക്ഷിക്കണമെന്നും അധികൃതർ ആവശ്യപ്പെട്ടാൽ വെരിഫിക്കേഷന് വിധേയമാക്കണമെന്നും നിർദ്ദേശം നൽകിയിട്ടുണ്ട്. തൊഴിലാളികളോ തൊഴിൽദാതാവോ സ്വമനസ്സാലെ വിവരങ്ങൾ നൽകിയാൽ അത് പോലീസ് സ്റ്റേഷനുകളിൽ സൂക്ഷിക്കണമെന്നും ഏതെങ്കിലും കുറ്റകൃത്യം റിപ്പോർട്ട് ചെയ്താൽ അതിൽ അന്യസംസ്ഥാന തൊഴിലാളികൾ ബന്ധപ്പെട്ടിട്ടുണ്ടെങ്കിൽ അവരെക്കുറിച്ചുള്ള വിവരങ്ങൾ തൊഴിലാളികളിൽ നിന്നോ തൊഴിൽദാതാവിൽ നിന്നോ ശേഖരിച്ചു പരിശോധിക്കാവുന്നതാണെന്നും നിർദ്ദേശം നൽകിയിട്ടുണ്ട്. അതുപ്രകാരം അന്യസംസ്ഥാന തൊഴിലാളികളെക്കുറിച്ചുള്ള വിശദവിവരങ്ങളടങ്ങിയ ഫോട്ടോ സഹിതമുള്ള ഒരു രജിസ്റ്റർ എല്ലാ പോലീസ് സ്റ്റേഷനിലും സൂക്ഷിക്കുന്നുണ്ട്. സംശയിക്കപ്പെടുന്നവരുടെ വിവരങ്ങൾ ബന്ധപ്പെട്ട പോലീസ് സ്റ്റേഷനിലേയ്ക്ക് അയച്ച് റിപ്പോർട്ട് വാങ്ങി അത്യാവശ്യഘട്ടങ്ങളിൽ ഫോട്ടോയും ഫിംഗർ പ്രിന്റും ശേഖരിച്ച് നിരീക്ഷണം നടത്തിവരികയാണ്. ഇവരുടെ ഇടയിൽ തീവ്രവാദികളോ സാമൂഹ്യവിരുദ്ധരോ കടന്നുവന്നിട്ടുണ്ടോ എന്ന് നിരീക്ഷിക്കുന്നതിനായി സംസ്ഥാന സ്പെഷ്യൽ ബ്രാഞ്ചിലെ വിവിധ റെയിഞ്ച് പോലീസ് സൂപ്രണ്ടുമാർക്ക് സംസ്ഥാന സ്പെഷ്യൽ ബ്രാഞ്ച് ഹെഡ്ക്വാർട്ടേഴ്സിൽ നിന്നും നിർദ്ദേശം കൊടുത്തിട്ടുണ്ട്. അവരുടെ സംസ്ഥാനങ്ങളിൽ കുറ്റകൃത്യങ്ങളിൽപ്പെട്ടവരാണോ എന്നറിയാൻ അതിർത്തി സംസ്ഥാനങ്ങളിലെ ഉദ്യോഗസ്ഥരെ ഉൾപ്പെടുത്തി ബോർഡർ കോൺഫറൻസ് നടത്തുന്ന

സമ്പ്രദായം ഇപ്പോൾ ആരംഭിച്ചിട്ടുണ്ട്. കുറ്റകൃത്യങ്ങളിൽ ഉൾപ്പെട്ടിട്ടുള്ളവരെക്കുറിച്ച് അതത് സംസ്ഥാനങ്ങളിലെ സീനിയർ ഉദ്യോഗസ്ഥന്മാർ വിവരങ്ങൾ കൈമാറാറുണ്ട്. കൂടാതെ ദക്ഷിണേന്ത്യൻ സംസ്ഥാനങ്ങളിലെ ക്രൈംബ്രാഞ്ചുകളെ തമ്മിൽ ബന്ധിപ്പിക്കുന്നതിനായി ഒരു പൊതു വെബ്സൈറ്റ് രൂപീകരിച്ച് പ്രവർത്തിക്കുന്നുണ്ട്. എൻ.സി.ആർ.ബി. ആവിഷ്ക്കരിച്ച കമ്പ്യൂട്ടർ അധിഷ്ഠിത ക്രൈം ക്രിമിനൽ ട്രാക്കിംഗ് നെറ്റ്വർക്ക് സിസ്റ്റം സംസ്ഥാനത്ത് ആരംഭിക്കുന്നതോടുകൂടി ഇൻഡ്യയിലെ ഏത് കുറ്റവാളിയെ സംബന്ധിച്ച വിവരവും നിമിഷനേരംകൊണ്ട് ലഭ്യമാകും.

(9) <u>സെൻസസ് മാർഗ്ഗരേഖ</u>

(ഇതേ വിഷയം സംബന്ധിച്ച് പ്രൊഫ. എൻ. ജയരാജും നോട്ടീസ് നൽകിയിട്ടുണ്ട്.)

<u>ശ്രീ. റോഷി അഗസ്റ്റിൻ</u>: കേരള കർഷകരെ ഗുരുതരമായി ബാധിക്കുന്ന പിശകുകൾ 2011-ലെ ഭാരത സെൻസസ് മാർഗ്ഗരേഖയിൽ കടന്ന് കൂടിയിട്ടുള്ളതിന് പരിഹാരം കണ്ടെത്തണം. ക്ഷീരമേഖലയിൽ പണിയെടുക്കുന്നവരെ ക്ഷീരകർഷകരായും തെങ്ങ്, കമുക്, റബ്ബർ, തേയില, കാപ്പി തുടങ്ങിയവയെ കൃഷിയുടെ ഗണത്തിലും കപ്പ, ചേന, ചേമ്പ് എന്നിവയെ കിഴങ്ങുവർഗ്ഗത്തിലും പൈനാപ്പിളിനെ പഴവർഗ്ഗത്തിലുംപെടുന്ന കൃഷിയായി മാർഗ്ഗരേഖയിൽ ഉൾപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കണം.

ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (<u>ശ്രീ. കോടിയേരി ബാലകൃഷ്ണൻ</u>): പത്ത് വർഷത്തിലൊരിക്കൽ ഭാരതത്തിൽ നടക്കുന്ന ജനസംഖ്യാ കണക്കെടുപ്പിന് കേന്ദ്ര സർക്കാരിന്റെ

കീഴിലുള്ള രജിസ്ട്രേഷൻ ജനറലായ സെൻസസ് കമ്മീഷണർ ഓഫ് ഇൻഡ്യയുടെ മാർഗ്ഗനിർദ്ദേശങ്ങളാണ് നൽകിക്കൊണ്ടിരിക്കുന്നത്. ജനസംഖ്യാ കണക്കെടുപ്പിനാവശ്യമായ ജീവനക്കാരുൾപ്പെടെയുള്ള എല്ലാ സൗകര്യങ്ങളും നൽകുന്ന പരിമിതചുമതലയാണ് സംസ്ഥാന സർക്കാർ നിർവ്വഹിക്കുന്നത്. കണക്കെടുപ്പിനോടനുബന്ധിച്ചുള്ള ചോദ്യാവലിയും അവയ്ക്കാവശ്യമായ മാനദണ്ഡങ്ങളും നിശ്ചയിക്കുന്നത് രജിസ്ട്രാർ തന്നെയാണ്. സെൻസസ് അവസാന ഘട്ടത്തിലെത്തിയ സാഹചര്യത്തിൽ പുതിയ ചോദ്യാവലികൾ ഉൾപ്പെടുത്താൻ കഴിയുമോ എന്ന് ഇപ്പോൾ പറയാൻ കഴിയില്ല. സെൻസസ് മാർഗ്ഗരേഖയനുസരിച്ച് കൃഷി ചെയ്യുന്ന വിളകളുടെ അടിസ്ഥാനത്തിലാണ് കർഷകരേയും കർഷക ത്തൊഴിലാളികളേയും തരംതിരിച്ചിട്ടുള്ളത്. തോട്ടവിള കർഷകരേയും തൊഴിലാളികളേയും ക്ഷീര-മൃഗസംരക്ഷണ മേഖലയിലെ കർഷകരേയും തൊഴിലാളികളേയും ഇതര തൊഴിലാളി വിഭാഗത്തിലാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. കർഷകരേയും കർഷകത്തൊഴിലാളികളേയും വർഗ്ഗീകരിക്കുന്നത് സംബന്ധിച്ച് ഉന്നയിച്ച പ്രശ്നം രജിസ്ട്രാർ ജനറൽ ഓഫ് ഇൻഡ്യയുടെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. ഇതു സംബന്ധിച്ച വിഷയം കേന്ദ്ര സർക്കാരിനെ അറിയിക്കുന്നതാണ്.

(10) <u>കിനാലൂർ എസ്റ്റേറ്റ്</u>

<u>ശ്രീ. യു.സി. രാമൻ</u> : കിനാലൂർ എസ്റ്റേറ്റിലെ 560-ഓളം തൊഴിലാളി കുടുംബങ്ങൾക്കും നാല് മുതൽ 10 സെന്റ് വരെയുള്ള ഭൂമി കൈവശക്കാർക്കും മറ്റ് വരുമാനമാർഗ്ഗമൊന്നുമില്ലാത്ത സാഹചര്യം പരി

ഗണിച്ച് അവരുടെ സ്ഥലം അടിയന്തിരമായി രജിസ്റ്റർ ചെയ്ത് നൽകുന്നതിനുള്ള നടപടി സ്വീകരിക്കണം.

വ്യവസായ വകുപ്പുമന്ത്രി (ശ്രീ. എളമരം കരീം): കിനാലൂർ വ്യവസായ വളർച്ചാകേന്ദ്രത്തിൽ ഏകദേശം 310 ഏക്കർ സ്ഥലമാണ് ഇപ്പോഴുള്ളത്. അതിൽ 30 ഏക്കറിൽ ഉഷാ സ്കൂൾ ഓഫ് അത്‌ലറ്റിക്സും പ്രവർത്തിക്കുന്നു. 80 ഏക്കറിൽ അന്താരാഷ്ട്ര നിലവാരത്തിലുള്ള ഒരു ഫുട്‌വെയർ പാർക്കും 50 ഏക്കറിൽ ഭക്ഷ്യ സംസ്ക്കരണത്തിനുള്ള ഒരു പാർക്കും തയ്യാറായി വരുന്നു. ബാക്കിയുള്ള സ്ഥലത്ത് വ്യവസായങ്ങൾ ആരംഭിക്കുവാൻ അപേക്ഷകൾ കിട്ടിയിട്ടുണ്ട്. ഇപ്പോഴുള്ള വ്യവസായ വളർച്ചാ കേന്ദ്രത്തോട് ചേർന്നുകിടക്കുന്നതും കൊച്ചിൻ-മലബാർ എസ്റ്റേറ്റ് ഇൻഡസ്ട്രീസ് ലിമിറ്റഡ് എന്ന സ്ഥാപനത്തിന്റെ കൈവശമുള്ളതും ഉൽപ്പാദനശേഷി വളരെ കുറഞ്ഞ റബ്ബർ മരങ്ങൾ ഉൾപ്പെട്ടതുമായ 2200 ഏക്കർ സ്ഥലം ഏറ്റെടുത്ത് വിവിധ വ്യവസായ സംരംഭങ്ങൾ ആരംഭിക്കാനാണ് ഉദ്ദേശിക്കുന്നത്. ഇതിൽ തൊഴിലാളികൾക്ക് അവകാശമായി ലഭിച്ചിട്ടുള്ള ഭൂമിയും നാല് സെന്റു മുതൽ പത്ത് സെന്റുവരെയുള്ള കൈവശക്കാരായ പാവപ്പെട്ട കർഷകരുമുണ്ടെങ്കിൽ അത് പ്രത്യേകം പരിഗണിക്കുന്നതാണ്.

### (11) പമ്പ്ഹൗസിന്റെ പുനരുദ്ധാരണം

പ്രൊഫ. സി. രവീന്ദ്രനാഥ്: വളരെ ശോചനീയാവസ്ഥയിൽ സ്ഥിതി ചെയ്യുന്നതും മൂന്ന് പഞ്ചായത്തുകളിലേയ്ക്ക് കുടിവെള്ളം നൽകുന്നതുമായ സുപ്രധാന കുടിവെള്ള പദ്ധതിയുടെ ഇഞ്ചക്കുണ്ട് പമ്പ് ഹൗസ് എത്രയുംവേഗം പുനരുദ്ധരിക്കുന്നതിന് നടപടി സ്വീകരിക്കണം.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. എൻ.കെ. പ്രേമചന്ദ്രൻ) : പുഴയിലെ അനിയന്ത്രിത മണൽവാരൽമൂലം അവിടത്തെ കിണറും അതിനോടനുബന്ധ മായ പമ്പ്ഹൗസും ഗുരുതരമായ പ്രതിസന്ധി നേരിടുന്നതിനാൽ ജലവിത രണം സുഗമമായി നടത്താൻ കഴിയുന്നില്ല. 2010-ലെ പി.ഡബ്ല്യു.ഡി. ഷെഡ്യൂൾ അനുസരിച്ച് ഏകദേശം 45 ലക്ഷം രൂപ ഇത് പരിഹരിക്കാൻ ആവശ്യമാണ്. വെള്ളപ്പൊക്ക ദുരിതാശ്വാസനിധിയിലുൾപ്പെടുത്തി ചെയ്യണ മെന്ന നിർദ്ദേശം ജില്ലാകളക്ടർക്ക് നൽകിയിട്ടുണ്ട്. പുതിയ കിണർ സ്ഥാപിച്ച് പമ്പ്ഹൗസ് സ്ഥാപിച്ചെങ്കിൽ മാത്രമേ ഈ പ്രശ്നം ശാശ്വതമായി പരിഹരിക്കാൻ കഴിയുകയുള്ളൂ. അനുമതി ലഭിക്കുന്ന മുറയ്ക്ക് അതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

(12) അസിസ്റ്റന്റ് രജിസ്ട്രാറും മകനും ആക്രമിക്കപ്പെട്ട സംഭവം

ശ്രീ. വി. ശശികുമാർ : കാലിക്കറ്റ് സർവ്വകലാശാലാ അസിസ്റ്റന്റ് രജിസ്ട്രാർ ശ്രീമതി കെ.പി. ശോഭനയുടെ ക്വാർട്ടേഴ്സ് ചവിട്ടിപ്പൊളിച്ച് അക്രമം നടത്തുകയും അവരുടെ മകനെ ക്രൂരമായി മർദ്ദിക്കുകയും ചെയ്ത കേസ്സിലെ പ്രതികളെ എത്രയുംവേഗം ശിക്ഷിക്കാൻ നടപടി സ്വീകരിക്കണം.

ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. കോടിയേരി ബാലകൃഷ്ണൻ) : കാലിക്കറ്റ് സർവ്വകലാശാലാ അസിസ്റ്റന്റ് രജിസ്ട്രാർ ശ്രീമതി കെ.പി. ശോഭനയും കുടുംബവും താമസിക്കുന്ന കാലിക്കറ്റ് യൂണിവേഴ്സിറ്റി ക്യാമ്പസ്സിലെ ഡി. 11-ാം നമ്പർ ക്വാർട്ടേഴ്സി ലേയ്ക്ക് 03-02-2011-ന് രാത്രി 9.45 മണിയോടെ കെ.എസ്.യു ജില്ലാ പ്രസിഡന്റും പത്തോളം പേരും അതിക്രമിച്ചുകയറി അവരെ മാനഹാനിപ്പെടു ത്തുകയും ഇളയ മകനെ ദേഹോപദ്രവമേൽപ്പിക്കുകയും മൂത്ത മകനെ

കൊല്ലുമെന്ന് ഭീഷണിപ്പെടുത്തുകയും ക്വാർട്ടേഴ്സിന്റെ ജനൽച്ചില്ലുകൾക്ക് നാശം വരുത്തുകയും ചെയ്തുവെന്ന പരാതിയെ സംബന്ധിച്ച് ഒരു കേസ് രജിസ്റ്റർ ചെയ്ത് തേഞ്ഞിപ്പലം എസ്.ഐ. അന്വേഷിച്ചുവരികയാണ്. തിരിച്ചറിഞ്ഞ അഞ്ചു പ്രതികളിൽ ഒരാൾ ഒളിവിലാണ്. മറ്റുള്ള നാലുപേർ മഞ്ചേരി സെഷൻസ് കോടതിമുമ്പാകെ മുൻകൂർ ജാമ്യമെടുത്തിരിക്കുകയുമാണ്. ഈ കേസ്സിൽ നിയമാനുസൃത നടപടികളെല്ലാം സ്വീകരിക്കാൻ പോലീസിന് നിർദ്ദേശം കൊടുത്തിട്ടുണ്ട്.

(13) <u>യുനാനി ഹക്കീമുകാർക്ക് രജിസ്ട്രേഷൻ</u>

<u>ശ്രീ. പി.എം.എ. സലാം</u> : കേരളത്തിൽ പാരമ്പര്യ മേഖലയിൽ യുനാനി ചികിത്സ നടത്തുന്ന ഹക്കീമുമാർക്ക് രജിസ്ട്രേഷൻ നൽകാൻ നടപടി സ്വീകരിക്കണം.

ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രിക്കുവേണ്ടി വ്യവസായ വകുപ്പുമന്ത്രി (<u>ശ്രീ. എളമരം കരീം</u>) : പാരമ്പര്യ മേഖലയിൽ യുനാനി ചികിത്സ നടത്തുന്ന ഹക്കീമുമാർക്ക് രജിസ്ട്രേഷൻ നൽകുന്ന കാര്യം പരിശോധിക്കുന്നതാണ്.

(14) <u>സുപ്രീം കോടതി ജഡ്ജിമാരെ അധിക്ഷേപിച്ച സംഭവം</u>

<u>ശ്രീ. എം. ചന്ദ്രൻ:</u> ഇടമലയാർ കേസിൽ ശിക്ഷിക്കപ്പെട്ട മുൻ മന്ത്രി ശ്രീ. ആർ. ബാലകൃഷ്ണപിള്ളയ്ക്കും മറ്റ് രണ്ട് ഉദ്യോഗസ്ഥർക്കും നൽകിയ സ്വീകരണച്ചടങ്ങിൽ മുഖ്യമന്ത്രി കോടതിയെ സ്വാധീനിച്ച് രാഷ്ട്രീയപ്രേരിതമായി നേടിയെടുത്ത വിധിയാണെന്ന് പരസ്യ പ്രസ്താവന നടത്തിയത് ബഹുമാനപ്പെട്ട സുപ്രീംകോടതിയെ അവഹേളിക്കലും ജനാധിപത്യത്തോടുള്ള വെല്ലുവിളിയുമാണ്. നിയമസഭാ കമ്മിറ്റി റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ നിയോഗിച്ച ജസ്റ്റീസ് സുകുമാരൻ കമ്മീഷൻ റിപ്പോർട്ട്

സമർപ്പിക്കുകയും 1990 ഡിസംബറിൽ ക്രൈംബ്രാഞ്ച് സ്പെഷ്യൽ സ്ക്വാഡ് വിജിലൻസ് കോടതിയിൽ കുറ്റപത്രം സമർപ്പിക്കുകയും എറണാകുളത്ത് രൂപീകരിച്ച പ്രത്യേക കോടതിയുടെ വിചാരണ കഴിഞ്ഞ് ശിക്ഷിക്കപ്പെട്ടതിനു ശേഷം ഹൈക്കോടതിയിൽ സമർപ്പിച്ച അപ്പീലിൽ പ്രതികൾക്കെതിരെ തെളിവില്ലെന്നുകണ്ട് കുറ്റവിമുക്തരാക്കിയപ്പോൾ ശ്രീ. വി.എസ്. അച്ചുതാനന്ദൻ നൽകിയ പ്രത്യേക ഹർജി അനുവദിക്കുകയും വിചാരണയ്ക്കുശേഷം വിധിവരുകയും ചെയ്ത പശ്ചാത്തലത്തിൽ സുപ്രീംകോടതി ജഡ്ജിമാരെ മുഖ്യമന്ത്രി സ്വാധീനിച്ചുവെന്ന് പറയുന്ന ആരോപണത്തെക്കുറിച്ച് അടിയന്തിരമായി അന്വേഷിച്ച് കുറ്റക്കാർക്കെതിരെ നടപടി സ്വീകരിക്കണം.

ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. കോടിയേരി ബാലകൃഷ്ണൻ): ഇടമലയാർ ഹൈഡ്രോ ഇലക്ട്രിക് പ്രോജക്ടുമായി ബന്ധപ്പെട്ട ഡാമിന്റെ കൺസ്ട്രക്ഷനുശേഷം പൂർത്തിയാക്കിയ ടണലിൽകൂടി ട്രയൽ റൺ നോക്കിയപ്പോൾ ലീക്കേജ് കാണപ്പെടുകയും പബ്ലിക് അണ്ടർടേക്കിംഗ്സ് കമ്മിറ്റിയുടെ ശുപാർശയനുസരിച്ച് നിയോഗിച്ച ജസ്റ്റീസ് സുകുമാരൻ കമ്മീഷൻ റിപ്പോർട്ട് പ്രകാരം കുറ്റക്കാർക്കെതിരെ നടപടി സ്വീകരിക്കാൻ നിർദ്ദേശിച്ചതനുസരിച്ച് പ്രതികൾക്കെതിരെ കേസ്സെടുത്ത് അന്വേഷണം നടത്തി കുറ്റപത്രം സമർപ്പിച്ചു. പ്രസ്തുത കേസ്സിലെ 5-ാം പ്രതിയായ ശ്രീ. ഗോപാലകൃഷ്ണപിള്ളയെ പ്രതിസ്ഥാനത്തുനിന്ന് മാറ്റുവാൻ പബ്ലിക് പ്രോസിക്യൂട്ടർ കോടതി മുമ്പാകെ പെറ്റീഷൻ ഫയൽ ചെയ്തതിനെതിരെ ശ്രീ. വി. എസ്. അച്ചുതാനന്ദൻ പബ്ലിക് ഇന്ററസ്റ്റ് പെറ്റീഷൻ ഫയൽ ചെയ്യുകയും കോടതി വാദം കേട്ടതിനുശേഷം

പ്രസ്തുത അപേക്ഷ നിരസിക്കുകയും ചെയ്തു. സ്പെഷ്യൽ ജഡ്ജിയുടെ ഉത്തരവിനെതിരെ സംസ്ഥാന സർക്കാർ റിവിഷൻ പെറ്റീഷൻ കൊടുക്കുകയും കോടതിയുടെ നിരീക്ഷണത്തിന്റെ അടിസ്ഥാനത്തിൽ എല്ലാ പ്രതികൾക്കുമെതിരെയുള്ള കേസ് പിൻവലിക്കാനുണ്ടായ തീരുമാനത്തിനെതിരെ ശ്രീ. വി. എസ്. അച്ചുതാനന്ദൻ ഹൈക്കോടതിയിൽ പെറ്റീഷൻ ഫയൽ ചെയ്യുകയും പ്രതികൾക്കെതിരെ കുറ്റപത്രം തയ്യാറാക്കി വാദം കേട്ടതിന്റെ അടിസ്ഥാനത്തിൽ മൂന്ന് പ്രതികൾ അഞ്ചുവർഷത്തെ കഠിന തടവിനും 10000 രൂപ പിഴയൊടുക്കുന്നതിനും ബാധ്യസ്ഥരാണെന്ന് വിധിച്ചതിനെത്തുടർന്ന് ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ അപ്പീൽ കൊടുക്കുകയും ഹൈക്കോടതി പ്രതികളെ വിട്ടയയ്ക്കുകയുമുണ്ടായി. പ്രസ്തുത വിധിക്കെതിരെ പ്രതിപക്ഷനേതാവായിരുന്ന ശ്രീ. വി. എസ്. അച്ചുതാനന്ദൻ സുപ്രീംകോടതിയിൽ സമർപ്പിച്ച സ്പെഷ്യൽ ലീവ് പെറ്റീഷൻ അംഗീകരിച്ചതിനെത്തുടർന്ന് സുപ്രീംകോടതി വാദം കേൾക്കുകയും ശ്രീ. ആർ. ബാലകൃഷ്ണപിള്ള, ശ്രീ. രാമഭദ്രൻ നായർ, ശ്രീ. ടി. കെ. സജീവൻ എന്നീ പ്രതികളെ ഒരു വർഷം കഠിനതടവിനും 10000 രൂപ പിഴയടയ്ക്കുന്നതിനും വിധിക്കുകയുണ്ടായി. ശ്രീ. ആർ. ബാലകൃഷ്ണപിള്ളയ്ക്ക് കൊട്ടാരക്കരയിൽവച്ച് യു.ഡി.എഫ്. നേതാക്കൾ നൽകിയ സ്വീകരണ ചടങ്ങിൽ പങ്കെടുത്തുകൊണ്ട് ശ്രീ. കെ. സുധാകരൻ എം.പി. സുപ്രീംകോടതിയിലെ ജഡ്ജിമാർക്കെതിരെ അഴിമതി ആരോപണം ഉന്നയിച്ചതായി റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ട്. ശ്രീ. കെ. സുധാകരനെതിരെ നിയമനടപടികൾ സ്വീകരിക്കണമെന്നാവശ്യപ്പെട്ട് ആൾ ഇന്ത്യാ ലായേഴ്സ്

യൂണിയൻ ജില്ലാ സെക്രട്ടറി നൽകിയിട്ടുള്ള പരാതിപ്രകാരം കേസ് രജിസ്റ്റർ ചെയ്ത് മ്യൂസിയം പോലീസ് അന്വേഷണം നടത്തി വരികയാണ്.

## റിപ്പോർട്ട് സമർപ്പണം

(1) ഔദ്യോഗിക ഭാഷ സംബന്ധിച്ച സമിതിയുടെ നാലും അഞ്ചും റിപ്പോർട്ടുകൾ സമർപ്പിക്കപ്പെട്ടു.

(2) ഗവൺമെന്റ് നൽകുന്ന ഉറപ്പുകൾ സംബന്ധിച്ച സമിതിയുടെ പതിനൊന്നാമത് റിപ്പോർട്ട് സമർപ്പിക്കപ്പെട്ടു.

(3) സ്ത്രീകളുടെയും കുട്ടികളുടെയും വികലാംഗരുടെയും ക്ഷേമം സംബന്ധിച്ച സമിതിയുടെ എട്ടാമത് റിപ്പോർട്ട് സമർപ്പിക്കപ്പെട്ടു.

## നിയമനിർമ്മാണ കാര്യം

2011-ലെ കേരള പൊതുപാതകൾ (സംഘം ചേരലിനും ജാഥകൾക്കും നിയന്ത്രണം ഏർപ്പെടുത്തൽ) ബില്ലിന്റെ അവതരണവും സബ്ജക്ട് കമ്മിറ്റിക്ക് അയയ്ക്കണമെന്ന പ്രമേയവും

ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. കോടിയേരി ബാലകൃഷ്ണൻ): 2011-ലെ കേരള പൊതുപാതകൾ (സംഘം ചേരലിനും ജാഥകൾക്കും നിയന്ത്രണം ഏർപ്പെടുത്തൽ) ബിൽ അവതരിപ്പിക്കുന്നു.

മി. സ്പീക്കർ : ബിൽ അവതരിപ്പിക്കപ്പെട്ടിരിക്കുന്നു.

ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. കോടിയേരി ബാലകൃഷ്ണൻ): 2011-ലെ കേരള പൊതുപാതകൾ (സംഘം ചേരലിനും ജാഥകൾക്കും നിയന്ത്രണം ഏർപ്പെടുത്തൽ) ബിൽ ആഭ്യന്തര കാര്യങ്ങൾ സംബന്ധിച്ച XIV-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

ധനകാര്യ വകുപ്പുമന്ത്രി (ഡോ. തോമസ് ഐസക്) : പ്രമേയത്തെ പിന്താങ്ങുന്നു.

പ്രതിപക്ഷ നേതാവ് (ശ്രീ. ഉമ്മൻ ചാണ്ടി): ബില്ലിന്റെ അടിയന്തിര സ്വഭാവം കണക്കിലെടുത്തുകൊണ്ടാണ് സഭയുടെ നടപടിക്രമങ്ങൾ മാറ്റിവച്ചുകൊണ്ട് ബിൽ അവതരിപ്പിക്കുന്നതിനും ചർച്ച കൂടാതെ പാസ്സാക്കു ന്നതിനും തീരുമാനിച്ചത്. 2011 ഫെബ്രുവരി മാസം 19-ാം തീയതി നടക്കുന്ന ആറ്റുകാൽ പൊങ്കാലയിൽ പങ്കെടുക്കുന്ന ലക്ഷക്കണക്കിന് ഭക്തജനങ്ങൾക്ക് വർഷങ്ങളായി ലഭിക്കുന്ന സൗകര്യങ്ങൾക്ക് പുതിയ വിധിയുടെ അടിസ്ഥാന ത്തിൽ ബുദ്ധിമുട്ടുണ്ടാകാതിരിക്കുന്നതിനുവേണ്ടി ബിൽ അടിയന്തിരമായി പാസ്സാക്കാവുന്നതാണ്.

2011-ലെ കേരള പൊതുപാതകൾ (സംഘം ചേരലിനും ജാഥകൾക്കും നിയന്ത്രണം ഏർപ്പെടുത്തൽ) ബിൽ ആഭ്യന്തര കാര്യങ്ങൾ സംബന്ധിച്ച XIV-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്കയയ്ക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചു ബിൽ XIV-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയച്ചു.

## ധനകാര്യം

### 2011-2012 സാമ്പത്തിക വർഷത്തേയ്ക്കുള്ള ബഡ്ജറ്റിനെ സംബന്ധിക്കുന്ന പൊതുചർച്ച-തുടർച്ച

ശ്രീ. വി. ശിവൻ കുട്ടി: ബഡ്ജറ്റിനെ പിന്താങ്ങുന്നു. 2011-12-ലെ ബഡ്ജറ്റ് വികസനരംഗത്ത് ചരിത്രം സൃഷ്ടിക്കാൻ സഹായകരമാണ്. എൽ.ഡി.എഫ്. സർക്കാരിന്റെ അഞ്ചുവർഷത്തെ ഭരണംകൊണ്ട് സംസ്ഥാന ത്തിന് 9 ശതമാനം വളർച്ച കൈവരിക്കാൻ സാധിച്ചിട്ടുണ്ട്. എൽ.ഡി.എഫ്

സർക്കാർ വീണ്ടും അധികാരത്തിൽ വന്ന് ഈ ബഡ്ജറ്റിന്റെ അടിസ്ഥാനത്തിൽ ഇൻഡ്യയ്ക്ക് തന്നെ മാതൃകയാക്കിക്കൊണ്ട് കേരളത്തെ ഏറ്റവും കൂടുതൽ വേഗതയിൽ വളരുന്ന സംസ്ഥാനമാക്കി മാറ്റാനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. മൂലധന ചെലവ് 12.51 ശതമാനമായി മാറിയിരിക്കുന്നു. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കുള്ള വിഹിതം 8 ശതമാനമാക്കി. വികസന ചെലവുകൾ 55 ശതമാനമാക്കി. സർക്കാർ ചെലവ് വർദ്ധിച്ചപ്പോഴും റവന്യൂ കമ്മി കുറച്ചുകൊണ്ടുവരാൻ സാധിച്ചു. മെച്ചപ്പെട്ട ധനകാര്യമാനേജ്മെന്റിന്റെ ഫലമായി ട്രഷറി അടച്ചുപൂട്ടേണ്ട സാഹചര്യമുണ്ടായിട്ടില്ല. കേന്ദ്ര സഹായം മൊത്തം റവന്യൂ വരുമാനത്തിന്റെ 25.6 ശതമാനമായി കുറയുകയും വായ്പയെടുക്കാൻ തടസ്സം നിൽക്കുന്ന കേന്ദ്ര സർക്കാരിന്റെ നിലപാട് സംസ്ഥാനത്തിന്റെ വികസനത്തിന് തടസ്സമായി മാറുകയും ചെയ്തിട്ടുണ്ട്. റോഡുകളുടെ വികസനത്തിനായി 40,000 കോടി രൂപയുടെ പദ്ധതി ബഡ്ജറ്റിൽ പ്രഖ്യാപിച്ചിരിക്കുന്നത് സ്വാഗതാർഹമാണ്. കയർ മേഖലയ്ക്ക് 82 കോടി രൂപയും കശുവണ്ടി മേഖലയ്ക്ക് 52 കോടി രൂപയും ചെറുകിട വ്യവസായങ്ങൾക്ക് 40 കോടി രൂപയും അനുവദിക്കുകയുണ്ടായി. കെ.എസ്.ആർ.ടി.സി. പുതുതായി ആയിരം ബസ്സുകൾ പുറത്തിറക്കാൻ പോകുന്നു, ബി.പി.എൽ. കുടുംബങ്ങൾക്ക് സൗജന്യ ആരോഗ്യ ഇൻഷുറൻസ് പദ്ധതിയും പെൻഷൻകാർക്ക് ആരോഗ്യ പദ്ധതിയും സർക്കാർ കലാകാരന്മാർക്ക് 750 രൂപ പെൻഷനും ആർ.സി.സി.-ക്ക് 25 കോടി രൂപ അനുവദിച്ചതും നഴ്സിംഗ് വിദ്യാർത്ഥികൾക്കുള്ള സ്റ്റൈപന്റ് 700 രൂപയാക്കിയതും എസ്.സി./എസ്.ടി. പ്രൊമോട്ടർമാരുടെ അലവൻസ് 4000 രൂപയാക്കിയതും

പാലോളി കമ്മിറ്റി റിപ്പോർട്ട് നടപ്പിലാക്കാൻ 14 കോടി രൂപ മാറ്റിവച്ചതും ജനിക്കുന്ന ഓരോ കുഞ്ഞിനും ഇൻഷ്വറൻസ് പദ്ധതി ഏർപ്പെടുത്തിയതും ക്ഷേമ പെൻഷനുകൾ 400 രൂപയാക്കിയതും ആശാ വർക്കേഴ്സിന് 300 രൂപ ഓണറേറിയം പ്രഖ്യാപിച്ചതും 60 വയസ്സിന് മുകളിലുള്ളവർക്ക് പെൻഷൻ പ്രഖ്യാപിച്ചതും 300 രൂപയുടെ പലവ്യഞ്ജന കിറ്റ് 150 രൂപയ്ക്ക് നൽകുന്നതും സ്ത്രീകൾക്കുവേണ്ടി മാത്രം ഏതാണ്ട് 770 കോടി രൂപയുടെ പാക്കേജ് പ്രഖ്യാപിച്ചതും നെല്ലിന്റെ സംഭരണവില 14 രൂപയാക്കി ഉയർത്തിയതും അഭിനന്ദനാർഹമാണ്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കുള്ള ധന കൈമാറ്റം, പരിസ്ഥിതി സംരക്ഷണം, പശ്ചാത്തലവികസനം, സാമൂഹ്യ ഭദ്രത, കൃഷി-വ്യാവസായിക വികസനം, വിലക്കയറ്റ നിയന്ത്രണം എന്നിവയ്ക്ക് നല്ല പരിഗണന നൽകിയിട്ടുണ്ട്. വില നിലവാരം പിടിച്ചുനിർത്താൻ പൊതു വിതരണ സമ്പ്രദായം ശക്തിപ്പെടുത്താനുള്ള നടപടികൾ സ്വീകരിച്ചു. കേന്ദ്ര സർക്കാർ വിലവർദ്ധനവ് കുറച്ചുകൊണ്ടുവരുമെന്ന് പ്രഖ്യാപിച്ചെങ്കിലും ദേശീയ അടിസ്ഥാനത്തിൽ വില വർദ്ധിച്ചുകൊണ്ടിരിക്കുന്നു. ബി.പി.എൽ കാർഡുടമകൾക്ക് കുറഞ്ഞ നിരക്കിൽ പഞ്ചസാര നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ഇതിനായി 337 കോടി രൂപ വകയിരുത്തുകയും ചെയ്തു. നികുതിരഹിത ബഡ്ജറ്റാണ് സർക്കാർ അവതരിപ്പിച്ചിരിക്കുന്നത്. തലസ്ഥാന നഗരിയുടെ വികസനത്തിനായി 250 കോടി രൂപയും ആറ്റുകാൽ വികസനത്തിനായി 10 കോടി രൂപയും നീക്കിവച്ചിട്ടുണ്ട്. തിരുവനന്തപുരം ജില്ലയിലെ അഞ്ചു കോളേജുകൾക്ക് പുതിയ കോഴ്സുകൾ അനുവദിച്ചു. വിഴിഞ്ഞം ഒന്നാം ഘട്ട പദ്ധതിക്ക് 150 കോടി രൂപ വകയിരുത്തി. ബഡ്ജറ്റിൽ തൊഴിലി

ല്ലായ്മ വേതനം നൽകാൻ വേണ്ട തുക വകയിരുത്താൻ നടപടികൾ സ്വീകരിക്കണം. തിരുവനന്തപുരത്തെ ജി.വി. രാജ ഫുട്ബാൾ ടൂർണ്ണമെന്റിനും കണ്ണൂരിലെ നായനാർ ഫുട്ബോൾ ടൂർണ്ണമെന്റിനുമായി 25 ലക്ഷം രൂപാ വീതം നീക്കി വയ്ക്കാൻ നടപടികൾ സ്വീകരിക്കണം.

ശ്രീ. കെ. ബാബു: ബഡ്ജറ്റിനെ എതിർക്കുന്നു. അയാഥാർത്ഥ്യങ്ങളായ പ്രഖ്യാപനങ്ങളാൽ വിശ്വസനീയത നഷ്ടപ്പെടുത്തുന്ന ബഡ്ജറ്റാണ് അവതരിപ്പിച്ചത്. കഴിഞ്ഞ ബഡ്ജറ്റിൽ പ്രഖ്യാപിച്ച പദ്ധതികൾക്കുവേണ്ടി ഒരു പൈസപോലും ചെലവഴിക്കാതെ പലതും പ്രഖ്യാപനങ്ങളിൽ മാത്രമായൊതുക്കിയ അവസരത്തിലാണ് പുതിയ പദ്ധതികൾ പ്രഖ്യാപിച്ചിരിക്കുന്നത്. കഴിഞ്ഞ ബഡ്ജറ്റിൽ പ്രഖ്യാപിച്ചിരുന്ന ഇൻകെൽ-ന്റെ നേതൃത്വത്തിലുള്ള 20,000 കോടി രൂപയുടെ നിക്ഷേപം യാഥാർത്ഥ്യമാക്കണം. കുഞ്ഞുങ്ങൾക്കുവേണ്ടിയുള്ള 10,000 രൂപയുടെ എൻഡോവ്മെന്റ് പദ്ധതിക്കാവശ്യമായ തുക വകയിരുത്തണം. സൈദ്ധാന്തികമായ പിടിവാശികൊണ്ട് നാഷണൽ ഹൈവേയിലെ ഒരു കിലോമീറ്റർ റോഡുപോലും വികസിപ്പിക്കാതെയുള്ള 40,000 കോടി രൂപയുടെ സമഗ്ര റോഡ് വികസന പദ്ധതി പ്രഖ്യാപനം വെറും തട്ടിപ്പാണ്. ഹരിത ബഡ്ജറ്റിന് ആവശ്യമായ തുക വകയിരുത്തണം. ഭരണമവസാനിക്കുന്ന വേളയിൽ സ്മാർട്ട് സിറ്റി പോലുള്ള പദ്ധതികൾ യാഥാർത്ഥ്യമാക്കുമെന്ന് കൊട്ടിഘോഷിച്ച് ജനങ്ങളെ കബളിപ്പിക്കുകയാണ്. വിഴിഞ്ഞം പദ്ധതി യാഥാർത്ഥ്യമാക്കണം. സീപോർട്ട്-എയർപോർട്ട് റോഡിനുവേണ്ടിയുള്ള നടപടികൾ ത്വരിതപ്പെടുത്തണം. ഒരു ധാർമ്മികതയുമില്ലാത്ത ഗവണ്മെന്റാണ് കേരളത്തിൽ ഭരണം

നടത്തുന്നത്. ജനങ്ങളുടെ വോട്ട് നേടാൻ വേണ്ടി മാത്രമാണ് ആനുകൂല്യ ങ്ങൾ പ്രഖ്യാപിച്ചിട്ടുള്ളത്.

ശ്രീ. എൻ. രാജൻ : ബഡ്ജറ്റിനെ അനുകൂലിക്കുന്നു. സമസ്ത മേഖല കളിലും പുരോഗതി കൈവരിക്കാനും ധനസ്ഥിതിയിൽ വർദ്ധനവുണ്ടാ ക്കാനും കഴിഞ്ഞു. കഴിഞ്ഞ നാലേമുക്കാൽ വർഷത്തെ വളർച്ചയും പുരോഗ തിയും കണ്ടില്ലെന്ന് പ്രതിപക്ഷം നടിക്കുകയാണ്. കഴിഞ്ഞ അഞ്ച് വർഷത്തെ കണക്കുകൾ പരിശോധിച്ചാൽ സംസ്ഥാനത്തിന്റെ കടഭാരം കുറഞ്ഞുവരുന്ന തായി കാണാൻ കഴിയും. ആഭ്യന്തര വരുമാനം ഇരട്ടിയിലധികം വർദ്ധിച്ചിരി ക്കുന്നു. കേന്ദ്ര വിഹിതം ഏറ്റവും കുറവ് ലഭിക്കുന്ന സംസ്ഥാനം കേരളമാണ്. സമഗ്ര റോഡ് വികസന പദ്ധതി കേന്ദ്ര സർക്കാർ സംസ്ഥാന ഗവൺമെന്റിനോട് കാണിക്കുന്ന അവഗണനയ്ക്കെതിരെയുള്ള വെല്ലുവി ളിയാണ്. ആഭ്യന്തര വരുമാനം വർദ്ധിപ്പിച്ച് ധനസ്ഥിതി മെച്ചപ്പെടുത്തി വികസനം സാധ്യമാക്കുക എന്നതാണ് ഈ ബഡ്ജറ്റിന്റെ കാഴ്ച്ചപ്പാട്. കേരളത്തെ ഒരു നിക്ഷേപ സൗഹൃദ സംസ്ഥാനമാക്കി മാറ്റാൻ സംസ്ഥാന സർക്കാർ ശ്രമിച്ചുകൊണ്ടിരിക്കുകയാണ്. പൊതുമേഖലാ വ്യവസായ സ്ഥാപ നങ്ങളെ ലാഭത്തിലാക്കാൻ സാധിച്ചു. സമഗ്ര റോഡ് പുനരുദ്ധാരണ പദ്ധതി ക്കായി 40,000 കോടി രൂപയുടെ പദ്ധതിക്ക് രൂപം കൊടുത്തിട്ടുണ്ട്. കഴിഞ്ഞവർഷം 5,000 കോടി രൂപയുടെ മാന്ദ്യവിരുദ്ധ പാക്കേജ് നടപ്പിലാ ക്കിയതിന്റെ ഭാഗമായാണ് പുതിയ റോഡുകളെല്ലാം വന്നിട്ടുള്ളത്. സാമൂഹ്യ സുരക്ഷാ പദ്ധതികൾക്കുള്ള തുക 389 കോടി രൂപയാക്കി വർദ്ധിപ്പിച്ചത് പ്രശംസനീയമാണ്. സംസ്ഥാനം 40 ലക്ഷം കുടുംബങ്ങളെ ബി.പി.എൽ.-ൽ ഉൾപ്പെടുത്തി രണ്ട് രൂപയ്ക്ക് അരി നൽകാൻ തീരുമാനിച്ചിരിക്കുന്നത്

അഭിനന്ദനാർഹമാണ്. സാമൂഹ്യ സുരക്ഷാ പെൻഷനുകൾ 400 രൂപയാക്കി വർദ്ധിപ്പിച്ചു. കർഷകത്തൊളിലാളി പെൻഷൻ 1,000 രൂപയാക്കി വർദ്ധിപ്പിക്കണം. ആശാ സന്നദ്ധ പ്രവർത്തകർക്ക് 300 രൂപ ഓണറേറിയം പ്രഖ്യാപിച്ചതും അംഗനവാടി ടീച്ചർമാരുടെ ശമ്പളം വർദ്ധിപ്പിച്ചതും ശ്ലാഘനീയമാണ്. സംസ്ഥാനത്ത് ജനിക്കുന്ന ഓരോ കുഞ്ഞിന്റെ പേരിലും 10,000 രൂപയുടെ സ്ഥിര നിക്ഷേപം എൻഡോവ്മെന്റായി നടപ്പിലാക്കാനുള്ള തീരുമാനം കേരളം ഒന്നടങ്കം സ്വാഗതം ചെയ്യുന്നതാണ്. ക്ഷയരോഗ ബാധിതർക്കും കുഷ്ഠ രോഗികൾക്കുമുള്ള ധനസഹായം വർദ്ധിപ്പിച്ചു. സാമൂഹ്യ സുരക്ഷാ രംഗത്ത് ഒട്ടേറെ ആനുകൂല്യങ്ങൾ ബഡ്ജറ്റിൽ പ്രഖ്യാപിച്ചിട്ടുണ്ട്. കൺസ്യൂമർഫെഡും സിവിൽ സപ്ലൈസ് കോർപ്പറേഷനും മുഖേന വിലക്കയറ്റം നിയന്ത്രിക്കാൻ കഴിഞ്ഞു. പരമ്പരാഗത മേഖലയ്ക്കുവേണ്ടി 308 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്. കശുവണ്ടിത്തൊഴിലാളികളുടെ ഗ്രാറ്റുവിറ്റി, റിട്ടയർമെന്റ് ബെനിഫിറ്റ് തുടങ്ങിയവയിലെ കുടിശ്ശികകൾ തീർക്കുന്നതിനായി 40 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. പട്ടികജാതി വികസന വകുപ്പിനുവേണ്ടി 840 കോടി രൂപ നീക്കിവച്ചിട്ടുള്ളത് സ്വാഗതാർഹമാണ്. കുടുംബശ്രീ പദ്ധതിക്കുവേണ്ടി 2009-10-ൽ മാത്രം 121 കോടി രൂപ ചെലവഴിക്കുകയും അടങ്കൽ ഫണ്ട് 100 കോടി രൂപയായി വർദ്ധിപ്പിക്കുകയും ചെയ്തിട്ടുണ്ട്. ട്രാൻസ്മിഷൻ ലോസ് 27 ശതമാനത്തിൽ നിന്നും 17 ശതമാനമായി കുറയ്ക്കുന്നതിനും 52 നിയോജകമണ്ഡലങ്ങളും രണ്ട് ജില്ലകളും സമ്പൂർണ്ണമായി വൈദ്യുതീകരിക്കുന്നതിനും സാധിച്ചിട്ടുണ്ട്.

ശ്രീ. കെ. എം. മാണി: ബഡ്ജറ്റിനെ എതിർക്കുന്നു. ഇവിടെ അവതരിപ്പിച്ചിരിക്കുന്നത് ഒരു സാങ്കൽപ്പിക ബഡ്ജറ്റാണ്. തെരഞ്ഞെടുപ്പിനുവേണ്ടിയുള്ള കുറേ വാഗ്ദാനങ്ങളും സൗജന്യങ്ങളും മാത്രമാണ് ഈ ബഡ്ജറ്റിൽ ഉൾക്കൊള്ളിച്ചിരിക്കുന്നത്. സംസ്ഥാനത്തെ ആളോഹരി കടം അഖിലേന്ത്യാ ശരാശരിയേക്കാൾ ഉയർന്നുനിൽക്കുന്ന സ്ഥിതിവിശേഷമാണുള്ളത്. കഴിഞ്ഞ ബഡ്ജറ്റിലൂടെ നൽകിയ വാഗ്ദാനങ്ങളൊന്നും ഈ ഗവൺമെന്റിന് പാലിക്കാൻ കഴിഞ്ഞിട്ടില്ല. 2011-12-ൽ സംസ്ഥാനത്തിന്റെ റവന്യൂ കമ്മി 6019 കോടി രൂപയായും ഫിസ്ക്കൽ ഡെഫിസിറ്റ് 10640 കോടി രൂപയായും വർദ്ധിക്കാൻ പോകുകയാണ്. റവന്യൂ ഡെഫിസിറ്റിൽ 92 ശതമാനവും ഫിസ്ക്കൽ ഡെഫിസിറ്റിൽ 120 ശതമാനവുമാണ് വർദ്ധനവ്. കാർഷികമേഖലയിലെ വളർച്ചാനിരക്ക് കഴിഞ്ഞ യു.ഡി.എഫ്. ഗവൺമെന്റ് അധികാരത്തിൽ നിന്ന് പോകുമ്പോൾ 3.5 ആയിരുന്നത് ഇപ്പോൾ 0.25 ആയി താഴ്ന്നിരിക്കുകയാണ്. നിലവിലില്ലാത്ത ധനകാര്യ സ്ഥാപനത്തിൽ നിന്ന് 40,000 കോടി രൂപ വായ്പ എടുത്ത് സമഗ്ര റോഡ് വികസന പദ്ധതി നടപ്പാക്കുമെന്ന് പറഞ്ഞിരിക്കുന്നതിൽ നിന്നുതന്നെ അത് വെറും വാഗ്ദാനമാണെന്ന് മനസ്സിലാകും. സുസ്ഥിര നഗരവികസന പദ്ധതിയ്ക്കായി 1148 കോടി രൂപ എ.ഡി.ബി.-യിൽ നിന്ന് വായ്പയെടുത്തിട്ട് ഒരു പൈസപോലും ചെലവഴിച്ചിട്ടില്ല. ജപ്പാൻ കുടിവെള്ള പദ്ധതി ആരംഭിച്ച് അഞ്ചുവർഷം കഴിഞ്ഞിട്ടും പൂർത്തീകരിച്ചിട്ടില്ല. സുനാമി പുനരുദ്ധാരണ പദ്ധതിയ്ക്കായി 1441 കോടി രൂപ കേന്ദ്രഗവൺമെന്റ് നൽകിയതിൽ 293 കോടി രൂപയുടെ വർക്കുകൾ ഇനിയും പൂർത്തീകരിക്കാനുണ്ട്. കഴിഞ്ഞ അഞ്ചുവർഷം കേന്ദ്ര ഗവൺമെന്റ് നൽകിയ തുകയിൽ 1148

കോടി രൂപ മാത്രമാണ് ചെലവഴിച്ചത്. ശബരിമല മാസ്റ്റർ പ്ലാൻ, വിഴിഞ്ഞം ഹാർബർ, കുട്ടനാട് പാക്കേജ്, ഇടുക്കി പാക്കേജ്, കോച്ച് ഫാക്ടറി, കേന്ദ്ര യൂണിവേഴ്സിറ്റി തുടങ്ങിയ പദ്ധതികൾ ഇതുവരെ പൂർത്തീകരിച്ചിട്ടില്ല. പറയുന്നതിൽനിന്നും വ്യത്യസ്തമായി പ്രവർത്തിക്കുന്ന നിലപാടാണ് സംസ്ഥാന ഗവൺമെന്റ് സ്വീകരിക്കുന്നത്. കുറ്റകൃത്യങ്ങളുടെ കാര്യത്തിൽ ആൾ ഇൻഡ്യാ നിരക്കിനേക്കാൾ വളരെ കൂടുതലാണ് സംസ്ഥാനത്തെ സ്ഥിതി. ഇൻഡ്യയിലെ ആത്മഹത്യകളിൽ 25 ശതമാനവും നടക്കുന്നത് കേരളത്തിലാണ്. ക്ഷേമപെൻഷനുകൾ വർദ്ധിപ്പിച്ചു എന്നുപറയുന്നതല്ലാതെ വർദ്ധിപ്പിച്ച തുക ഇതുവരെ കൊടുത്തിട്ടില്ല.

ശ്രീ. സി. കെ. സദാശിവൻ: ബഡ്ജറ്റിനെ അനുകൂലിക്കുന്നു. കേരളത്തെ വികസന കുതിപ്പിലേയ്ക്ക് നയിക്കുന്ന ബഡ്ജറ്റാണ് ഇവിടെ അവതരിപ്പിച്ചിട്ടുള്ളത്. സാമൂഹ്യനീതിയുടെ സമഗ്ര വികസനമെന്ന ഇടതുപക്ഷ പ്രഖ്യാപിത ലക്ഷ്യത്തെ കേരളജനത സഹർഷം സ്വാഗതം ചെയ്തിരിക്കുകയാണ്. ശരിയായ ധനകാര്യ മാനേജുമെന്റിലൂടെ സർക്കാർ കൈവരിച്ച നേട്ടം നിസ്തുലമാണ്. കേന്ദ്ര സാമ്പത്തികനയം രാജ്യത്തെ ജനങ്ങളെ സർവ്വനാശത്തിലേയ്ക്ക് നയിച്ചുകൊണ്ടിരിക്കുന്ന സന്ദർഭത്തിൽ സംസ്ഥാന സർക്കാർ ബദൽ സാമ്പത്തിക നയം സ്വീകരിച്ചത് വിജയിച്ചിരിക്കുന്നതായാണ് കാണാൻ സാധിക്കുന്നത്. കഴിഞ്ഞ ബഡ്ജറ്റ് നിരാശാജനകവും ജനദ്രോഹപരവുമാണെന്ന് അവകാശപ്പെട്ട പ്രതിപക്ഷം ഈ ബഡ്ജറ്റ് നടപ്പാക്കാൻ പറ്റാത്തതും നിയമസഭാ തെരഞ്ഞെടുപ്പിൽ വോട്ട് പിടിക്കാൻ വേണ്ടിയുള്ളതുമാണെന്നാണ് പറയുന്നത്. വരുന്ന തെരഞ്ഞെടുപ്പിൽ ഇടതുപക്ഷ ജനാധിപത്യമുന്നണി വൻ

ഭൂരിപക്ഷത്തോടുകൂടി വീണ്ടും അധികാരത്തിലേയ്ക്ക് തിരിച്ചുവരികയും ബഡ്ജറ്റിൽ പറഞ്ഞിട്ടുള്ള കാര്യങ്ങൾ നടപ്പാക്കുകയും ചെയ്യുമെന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല. നികുതി വർദ്ധിപ്പിക്കാത്ത 6 ബഡ്ജറ്റുകളാണ് ഇടതുപക്ഷമുന്നണി സർക്കാർ ഇവിടെ അവതരിപ്പിച്ചിട്ടുള്ളത്. ഒരു ദിവസംപോലും ട്രഷറി അടച്ചുപൂട്ടുകയോ കരാറുകാരോട് കടം പറയുകയോ ചെയ്തിട്ടില്ല. അഴിമതിയുടേയും കെടുകാര്യസ്ഥതയുടേയും പിടിപ്പുകേടിന്റെയും ഫലമായി കഴിഞ്ഞ സർക്കാരിന്റെ കാലത്ത് കർഷകർ കൂട്ട ആത്മഹത്യയിലേയ്ക്ക് നീങ്ങിയിരുന്നുവെങ്കിൽ ഇപ്പോൾ കൃഷിക്കാരുടെ പ്രശ്നം പഠിച്ച് പരിഹാരം കണ്ടെത്തുകയും 42113 കൃഷിക്കാർക്ക് കടാശ്വാസം നൽകുകയും ആത്മഹത്യ തടയുകയും നെൽകൃഷിക്കാർക്ക് പലിശരഹിത വായ്പ നൽകുകയും ചെയ്തിട്ടുണ്ട്. കഴിഞ്ഞ സർക്കാരിന്റെ കാലത്ത് നെല്ലിന് 7 രൂപയായിരുന്നു സംഭരണവിലയെങ്കിൽ ഇപ്പോൾ അത് 14 രൂപയായി വർദ്ധിപ്പിക്കുകയും സമയബന്ധിതമായി നെല്ല് സംഭരിക്കുകയും ചെയ്യുന്നു. 15000 ഹെക്ടർ തരിശുഭൂമിയിൽ കൃഷി ചെയ്യുകയും 125000 ടൺ ഭക്ഷ്യധാന്യം സംസ്ഥാനത്ത് കൂടുതലായി ഉത്പാദിപ്പിക്കുകയും ചെയ്തു. പൊതുമേഖലാ സ്ഥാപനങ്ങൾ ലാഭത്തിലാക്കാനും ആ ലാഭമുപയോഗിച്ച് 8 പൊതുമേഖലാ സ്ഥാപനങ്ങൾ പുതുതായി ആരംഭിക്കാനും ഈ ഗവൺമെന്റിന് കഴിഞ്ഞു. കഴിഞ്ഞ സർക്കാരിന്റെ കാലത്ത് മത്സ്യത്തൊഴിലാളി കടാശ്വാസ പദ്ധതി പ്രകാരം 350 കോടി രൂപയുടെ കടബാധ്യത എഴുതിത്തള്ളുകയും ആധാരം തിരിച്ചുകൊടുക്കുകയും ചെയ്തു. സുനാമി പുനരധിവാസ പദ്ധതിക്ക് 3902 കോടി രൂപയാണ്

വിനിയോഗിച്ചിട്ടുള്ളത്. മത്സ്യത്തൊഴിലാളികൾക്ക് 2 രൂപയ്ക്ക് അരി നൽകുകയും ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി ഏർപ്പെടുത്തുകയും വിവിധ ഫിഷ് ലാന്റിംഗ് സെന്ററുകൾ ആരംഭിക്കുകയും ചെയ്തു. പാലക്കാട് ജില്ല കേരളത്തിലെ ആദ്യത്തെ സമ്പൂർണ്ണ വൈദ്യുതീകരണ ജില്ലയായി മാറി. ആലപ്പുഴ ജില്ലയെ ഈ മാസം സമ്പൂർണ്ണ വൈദ്യുതീകരണ ജില്ലയായി പ്രഖ്യാപിക്കും. വൈദ്യുതിയുടെ കാര്യത്തിൽ ഉത്പാദന-പ്രസരണ മേഖലയിൽ വിപ്ലവകരമായ മാറ്റമാണ് ഉണ്ടായിട്ടുള്ളത്. പൊതുജനാരോഗ്യ രംഗത്ത് ഗുണപരമായ മാറ്റം ഉണ്ടായിട്ടുണ്ട്. പി.എച്ച്.സി.-കളിൽ ഇന്ന് ആവശ്യത്തിന് മരുന്നും ഡോക്ടർമാരും പാരാ മെഡിക്കൽ സ്റ്റാഫും ലഭ്യമാണ്. കഴിഞ്ഞ സർക്കാരിന്റെ കാലത്ത് രോഗികൾ സ്വകാര്യ ആശുപത്രികളെയാണ് ആശ്രയിച്ചിരുന്നതെങ്കിൽ ഇന്നവർ സർക്കാർ ആശുപത്രികളിലേയ്ക്ക് തിരിച്ചുവരുന്ന കാഴ്ചയാണ് കാണാൻ സാധിക്കുന്നത്. നാൽപ്പത് ലക്ഷം പാവപ്പെട്ട കുടുംബങ്ങൾക്ക് രണ്ട് രൂപയ്ക്ക് അരി നൽകാനും വിലക്കയറ്റം നിയന്ത്രിക്കാൻ മാവേലി സ്റ്റോറുകൾ വഴി 13 ഇനം ഭക്ഷ്യസാധനങ്ങൾ വിതരണം ചെയ്യാനും മൂവായിരത്തോളം റേഷൻ കടകളിലൂടെ 150 രൂപയ്ക്ക് ഭക്ഷ്യധാന്യകിറ്റ് വിതരണം ചെയ്യാനും ഈ സർക്കാരിന് സാധിച്ചു. യു.ഡി.എഫ്. സർക്കാർ കുടിശ്ശിക വരുത്തിയ ക്ഷേമപെൻഷനുകൾ കൊടുത്തുതീർക്കുക മാത്രമല്ല എല്ലാ ക്ഷേമപെൻഷനുകളുടെയും തുക വർദ്ധിപ്പിക്കാനും സാധിച്ചു. ഒമ്പതാം ശമ്പള കമ്മീഷൻ ശുപാർശ നടപ്പാക്കുന്നതിലൂടെ 11 ലക്ഷം സർക്കാർ ജീവനക്കാർക്കും അദ്ധ്യാപകർക്കും പെൻഷൻകാർക്കും ആനുകൂല്യം ലഭ്യമാകുന്നതാണ്. ഐ.ടി രംഗത്ത് വിപ്ലവകരമായ മാറ്റമുണ്ടാക്കാൻ സാധിച്ചു.

ശ്രീ. പി.കെ. അബ്ദുറബ്ബ് : ബഡ്ജറ്റിനെ എതിർക്കുന്നു. തെരഞ്ഞെടുപ്പുകൾ മുന്നിൽക്കണ്ടുകൊണ്ടാണ് ഈ സർക്കാർ ബഡ്ജറ്റുകൾ അവതരിപ്പിക്കുന്നത്. പ്രഖ്യാപിക്കപ്പെട്ട വികസനപദ്ധതികൾ നടപ്പിലാക്കാൻ കഴിയാത്തത് ഭരണകൂടത്തിന്റെ പിടിപ്പുകേടുകൊണ്ടാണ്. ഈ ബഡ്ജറ്റിൽ പുതിയ നികുതി നിർദ്ദേശങ്ങൾ ഒഴിവാക്കുകയും നികുതിയിളവുകൾ നൽകുകയും ചെയ്തിട്ടുണ്ടെങ്കിലും ചെലവുകൾക്കുള്ള തുക സമാഹരിക്കുന്നതിനെപ്പറ്റി വ്യക്തമാക്കിയിട്ടില്ല. ബഡ്ജറ്റിലെ പ്രഖ്യാപനങ്ങളിലൊന്നുപോലും ഈ സർക്കാരിന് നടപ്പിലാക്കാൻ കഴിയില്ല. കേരളത്തിന്റെ പൊതുകടം വർദ്ധിച്ചിരിക്കുന്നു. മുൻവർഷത്തേക്കാൾ ഗണ്യമായ വർദ്ധന കേന്ദ്ര സഹായത്തിൽ ഉണ്ടായിട്ടുണ്ട്. ഈ സർക്കാരിന്റെ ആദ്യത്തെ മൂന്നുവർഷം പൊതുമരാമത്ത് രംഗത്ത് ഒരു പ്രവർത്തനവും നടത്താതെ സമാഹരിച്ച പദ്ധതി തുക കൊണ്ടാണ് കരാറുകാരുടെ കുടിശ്ശിക കൊടുത്തുതീർത്തത്. 10000 കോടി രൂപയുടെ മാന്ദ്യ വിരുദ്ധ പാക്കേജ് പ്രഖ്യാപിച്ചെങ്കിലും യാതൊന്നും നടത്തിയില്ല. 3000 കോടി രൂപയുടെ പൊതുമരാമത്ത് പ്രവൃത്തികൾ അനുവദിച്ചെങ്കിലും 1800 കോടി രൂപയുടെ പ്രവൃത്തികൾ മാത്രമാണ് ടെണ്ടർ ചെയ്തത്. വികസന പ്രവർത്തനങ്ങൾക്കായി വളരെ ചുരുങ്ങിയ തുക മാത്രമേ ചെലവഴിച്ചിട്ടുള്ളൂ. വാറ്റ്-നെ ആദ്യം എതിർത്തുവെങ്കിലും വലിയ നികുതി സംഖ്യ ലഭിക്കാൻ തുടങ്ങിയപ്പോൾ എതിർപ്പ് മാറുകയും അതുവഴി ലഭിച്ച അധികവരുമാനം മുതൽക്കൂട്ടാൻ ശ്രമിക്കുകയുമാണ് ചെയ്യുന്നത്. പെട്രോളിയം ഉല്പന്നങ്ങളുടെ വിലവർദ്ധനവ് സംസ്ഥാനത്തിന്റെ വരുമാനത്തിൽ വർദ്ധനവുണ്ടാക്കിയിട്ടുണ്ട്. സാങ്കേതിക മികവില്ലായ്മയും അടിസ്ഥാന സൗകര്യങ്ങളില്ലായ്മയും കാരണം ഡാമുകളിലെ മണൽ വാരൽ പദ്ധതി ലക്ഷ്യം കണ്ടില്ല. ആയിരം

കോടി രൂപ ലഭിക്കുമെന്നുപറഞ്ഞതിൽ 11.8 കോടി രൂപ മാത്രമേ സമാഹരിക്കാൻ കഴിഞ്ഞുള്ളൂ. അതിരൂക്ഷമായ വിലക്കയറ്റം നിയന്ത്രിക്കാൻ ബഡ്ജറ്റിൽ പറഞ്ഞിട്ടുള്ള കാര്യങ്ങൾ പര്യാപ്തമല്ല. സംസ്ഥാനത്തെ റോഡുകളുടെ ശോച്യാവസ്ഥ പരിഹരിക്കാൻ യാതൊരു നടപടിയും സ്വീകരിച്ചിട്ടില്ല. സമഗ്ര റോഡ് പുനരുദ്ധാരണത്തിന് 40000 കോടി രൂപ പത്ത് വർഷംകൊണ്ട് ചെലവഴിക്കാൻ ബഡ്ജറ്റ് നിർദ്ദേശിക്കുന്നു. ബഡ്ജറ്റിൽ പ്രഖ്യാപിച്ച പദ്ധതികളെ സംബന്ധിച്ച അനിശ്ചിതാവസ്ഥ നിലനിൽക്കുകയാണ്. പാലോളി മുഹമ്മദ് കമ്മിറ്റി ശുപാർശകൾ നടപ്പിലാക്കുന്നതിന് കാര്യമായ ശ്രമങ്ങളൊന്നും നടത്തിയിട്ടില്ല. ന്യൂനപക്ഷക്ഷേമ പദ്ധതികൾക്കായി കേന്ദ്രം അനുവദിച്ച 2000 കോടി രൂപയുടെ വിവിധ പദ്ധതികൾ നടപ്പിലാക്കുമ്പോൾ ന്യൂനപക്ഷങ്ങളെ അവഗണിക്കുന്ന നിലപാടാണ് സ്വീകരിക്കുന്നത്. അലിഗഢ് സർവ്വകലാശാലയുടെ മലപ്പുറം സെന്ററിനുവേണ്ടി തുകയൊന്നും വകയിരുത്തിയിട്ടില്ല. മഞ്ചേരി ജനറൽ ആശുപത്രിക്കാവശ്യമായ തസ്തികകൾ അനുവദിക്കുകയോ നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുകയോ ചെയ്തിട്ടില്ല. വൈദ്യുതി പോസ്റ്റുകളുടെ ലഭ്യത ഉറപ്പുവരുത്തി മലപ്പുറം ജില്ലയെ സമ്പൂർണ്ണ വൈദ്യുതീകരണ ജില്ലയാക്കണം. പ്രവാസി ക്ഷേമത്തിന് തുച്ഛമായ തുകയാണ് നീക്കിവച്ചിട്ടുള്ളത്. വിദേശ രാജ്യങ്ങളിലെ തൊഴിൽ സുരക്ഷിതത്വത്തിന് സഹായകമാകുന്ന പരിശീലന പരിപാടികൾ നടപ്പാക്കണമെന്നതടക്കമുള്ള പ്രവാസികളുടെ ആവശ്യം ഇതുവരെയും പരിഗണിച്ചിട്ടില്ല. കർഷകരെയും സാധാരണക്കാരെയും തൊഴിൽരഹിതരെയും ഈ സർക്കാർ അവഗണിച്ചിരിക്കുകയാണ്.

<u>ശ്രീ. ബി. രാഘവൻ</u> : ബഡ്ജറ്റിനെ അനുകൂലിക്കുന്നു. കേരളത്തെ വികസനത്തിലേയ്ക്ക് നയിക്കുന്ന ബഡ്ജറ്റാണിത്. കേരളീയ സമൂഹം

ഒന്നടങ്കം ഈ ബഡ്ജറ്റിനെ സ്വാഗതം ചെയ്തിരിക്കുകയാണ്. സാമൂഹ്യമായും സാമ്പത്തികമായും അവഗണിക്കപ്പെട്ടവരെ സമൂഹത്തിന്റെ മുഖ്യധാരയിലേയ്ക്ക് കൊണ്ടുവരുന്നതിനാവശ്യമായ പദ്ധതികൾ ഈ ബഡ്ജറ്റിലുണ്ട്. യാതൊരുതരത്തിലുള്ള വിമർശനങ്ങളും ബഡ്ജറ്റിനെ സംബന്ധിച്ച് ഉണ്ടായിട്ടില്ലെന്നുള്ളത് പ്രത്യേകം ശ്രദ്ധേയമാണ്. 13-ാം ധനകാര്യ കമ്മീഷൻ കേരളത്തിന് അർഹതപ്പെട്ട വിഹിതം വെട്ടിക്കുറച്ച സമീപനമാണ് സ്വീകരിച്ചത്. വല്ലാർപാടം കണ്ടെയ്നർ ട്രാൻസ്ഷിപ്പ്മെന്റിന്റേയും അന്താരാഷ്ട്ര വിമാനത്താവള ടെർമിനലിന്റേയും ഉദ്ഘാടന ചടങ്ങുകളിൽ സംസ്ഥാനത്തെ അവഹേളിച്ച സംഭവത്തിൽ പ്രധാനമന്ത്രി ഖേദം പ്രകടിപ്പിച്ചതിനെ സ്വാഗതം ചെയ്യുന്നു. കർഷകത്തൊഴിലാളി പെൻഷൻ 400 രൂപയായി വർദ്ധിപ്പിച്ചതും 28 മാസത്തെ ക്ഷേമപെൻഷൻ കുടിശ്ശികകൾ കൊടുത്തുതീർത്തതും തെങ്ങുകയറ്റത്തൊഴിലാളികൾക്ക് 1.15 കോടി രൂപ ധനസഹായം നൽകുന്ന പദ്ധതി പ്രഖ്യാപിച്ചതും ട്യൂട്ടോറിയൽ കോളേജ് അധ്യാപകർക്കും സ്വകാര്യ ആശുപത്രികളിലെ നേഴ്സുമാർക്കും ക്ഷേമനിധി ഏർപ്പെടുത്തിയതും നെല്ലിന്റെ സംഭരണ വില 14 രൂപയായി ഉയർത്തിയതും സ്വാഗതാർഹമാണ്. 40 ലക്ഷം കുടുംബങ്ങൾക്ക് 2 രൂപയ്ക്ക് അരി നൽകുന്ന പദ്ധതിയിലൂടെ പട്ടിണിക്കാരില്ലാത്ത സംസ്ഥാനമാക്കി കേരളത്തെ മാറ്റിയെടുക്കാൻ കഴിഞ്ഞു. വ്യവസായമേഖല ലാഭത്തിലാക്കാൻ കഴിഞ്ഞു. കശുവണ്ടിത്തൊഴിലാളികളുടെ തൊഴിൽദിനം വർദ്ധിപ്പിക്കാനും രണ്ട് പ്രാവശ്യം മിനിമം വേജസ് പുതുക്കി നിശ്ചയിക്കാനും കഴിഞ്ഞിട്ടുണ്ട്. പരമ്പരാഗത വ്യവസായ മേഖലയെ പുനരുജ്ജീവിപ്പിക്കാനും സ്ത്രീത്തൊഴിലാളികൾക്ക് സംരക്ഷണം ഉറപ്പുവരുത്താനും സാധിച്ചു.

ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റിന്റെ ഇച്ഛാശക്തിയുടെ ഫലമായി കേരളം പുരോഗതി കൈവരിച്ചുകൊണ്ടിരിക്കുകയാണ്.

ശ്രീ. കെ. പി. മോഹനൻ: ബഡ്ജറ്റിനെ എതിർക്കുന്നു. വാളയാറിൽ അത്യാധുനിക സൗകര്യങ്ങളോടുകൂടിയ ചെക്ക്പോസ്റ്റ്, തിരുവനന്തപുരം ടെലികോം സിറ്റി, 10000 രൂപയുടെ മാന്ദ്യവിരുദ്ധ പാക്കേജ്, 1000 കോടി രൂപയുടെ ഹരിതനിധി, ഡാമുകളിൽനിന്നുള്ള മണൽവാരൽ പദ്ധതി തുടങ്ങിയ മുൻവർഷങ്ങളിലെ ബഡ്ജറ്റ് നിർദ്ദേശങ്ങളൊന്നും നടപ്പിലാക്കിയിട്ടില്ല. സംസ്ഥാനത്തിന്റെ റവന്യൂ കമ്മിയും പൊതുകടവും വർദ്ധിച്ചിരിക്കുകയാണ്. സർക്കാർ ആശുപത്രികളിൽ മെച്ചപ്പെട്ട ചികിത്സാസൗകര്യങ്ങൾ ഏർപ്പെടുത്തണം. ഭക്ഷ്യസുരക്ഷയ്ക്കും വിലക്കയറ്റ നിയന്ത്രണത്തിനും ക്രിയാത്മകമായ നടപടികൾ സ്വീകരിക്കണം. രൂക്ഷമായ കുടിവെള്ള പ്രശ്നം പരിഹരിക്കണം. കേരള വാട്ടർ അതോറിറ്റി ഏറ്റെടുക്കുന്ന പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കണം. സംസ്ഥാനത്ത് നടമാടുന്ന അഴിമതിയും ഉദ്യോഗസ്ഥ മേധാവിത്വവും അവസാനിപ്പിക്കണം. ലോക്കപ്പ് മർദ്ദനങ്ങളും ന്യൂനപക്ഷങ്ങൾക്കുനേരെയുള്ള അക്രമവും വർദ്ധിച്ചിരിക്കുകയാണ്. തലശ്ശേരിക്കടുത്ത് റെയിൽവേ ട്രാക്കിൽ നാടൻ ബോംബ് കണ്ടെത്തിയ സംഭവത്തിലെ പ്രതികളെ അറസ്റ്റ് ചെയ്യാനും ബോംബ് നിർമ്മാണത്തിന്റെ ഉറവിടം കണ്ടെത്താനും നടപടി സ്വീകരിക്കണം. തെങ്ങുകയറ്റത്തൊഴിലാളികൾക്ക് ക്ഷേമനിധി ഏർപ്പെടുത്തണം. ലക്ഷം വീട് പദ്ധതികളുടെ പുനരുദ്ധാരണത്തിന് അനുവദിച്ച ഫണ്ട് വിനിയോഗിക്കണം. അൺ ഇക്കണോമിക് സ്കൂളുകളിലെ അദ്ധ്യാപകരുടേയും സ്പെഷ്യലിസ്റ്റ് അദ്ധ്യാപകരുടേയും തസ്തിക അംഗീകരിക്കാൻ നടപടികൾ സ്വീകരിക്കണം. ലോട്ടറി വിൽപ്പനക്കാരുടേയും റേഷൻ വ്യാപാരികളുടേയും കയറ്റിറക്ക്

തൊഴിലാളികളുടേയും പ്രശ്നങ്ങൾ പരിഹരിക്കണം. തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളുടെ പരിധിയിൽ വരുന്ന പൊതുമരാമത്ത് പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിന് എഞ്ചിനീയറിംഗ് വിംഗിന് ആവശ്യമായ ക്ലറിക്കൽ തസ്തികകൾ അനുവദിക്കണം. പ്രവാസികളുടെ പ്രശ്നങ്ങൾ പരിഹരിക്കണം. പുതുതായി രൂപീകരിച്ച ബ്ലോക്ക് പഞ്ചായത്തുകളുടെ പദ്ധതിവിഹിതം വ്യക്തമാക്കണം.

<u>പ്രൊഫ. സി. രവീന്ദ്രനാഥ് :</u> ബഡ്ജറ്റിനെ പിന്താങ്ങുന്നു. ഇടതുപക്ഷ ജനാധിപത്യമുന്നണിയുടെ നയം വ്യക്തമാക്കുന്ന ബഡ്ജറ്റാണിത്. ഈ ഗവണ്മെന്റിന് റവന്യൂ കമ്മി കുറയ്ക്കുന്നതിനും മൂലധനനിക്ഷേപം വർദ്ധിപ്പിക്കുന്നതിനും സാധിച്ചിട്ടുണ്ട്. സംസ്ഥാനത്തിന്റെ വളർച്ചാനിരക്ക് ദേശീയ വളർച്ചാ നിരക്കിനേക്കാൾ വർദ്ധിച്ചിട്ടുണ്ട്. മൂലധന നിക്ഷേപത്തിൽ 69.6 ശതമാനത്തിന്റെ വർദ്ധനവുണ്ടായിട്ടുണ്ട്. നോൺടാക്സ് റവന്യൂ വർദ്ധിപ്പിക്കാൻ കഴിഞ്ഞു. പൊതുമേഖലാ വ്യവസായങ്ങളെ ലാഭത്തിലാക്കാൻ കഴിഞ്ഞു. സമ്പൂർണ്ണ വൈദ്യുതീകരണ സംസ്ഥാനമായി കേരളം മാറിക്കൊണ്ടിരിക്കുന്നു. ധനകാര്യ മാനേജുമെന്റ് മെച്ചപ്പെടുത്തി. റവന്യൂ വരുമാനത്തിൽ 124 ശതമാനത്തിന്റേയും ചെലവിൽ 104 ശതമാനത്തിന്റേയും വർദ്ധനവുണ്ടായിട്ടുണ്ട്. പതിമൂന്നാം ധനകാര്യ കമ്മീഷൻ താരതമ്യേന കുറഞ്ഞ തുകയാണ് അനുവദിച്ചതെങ്കിലും ധനസ്ഥിതി മെച്ചപ്പെടുത്താൻ സാധിച്ചിട്ടുണ്ട് അതേസമയം 2011-12-ലെ ബഡ്ജറ്റിലൂടെ പാവങ്ങളെ സംരക്ഷിക്കാനും സാമ്പത്തിക വളർച്ച ത്വരിതപ്പെടുത്താനുമുള്ള നടപടികളാണ് എൽ.ഡി.എഫ് സർക്കാർ സ്വീകരിക്കുന്നത്. ഇടതുപക്ഷ വികസനതന്ത്രം പൊതുമേഖലയെ ശക്തിപ്പെടുത്തിയും പൊതുവിതരണം

കാര്യക്ഷമമാക്കിയും സമ്പത്തിന്റെ നീതിപൂർവ്വകമായ വിതരണം സാധ്യമാക്കുക എന്നതാണ്. അസമത്വം വർദ്ധിക്കുന്നതും വാങ്ങൽശേഷി കുറയുന്നതും സമ്പദ് വ്യവസ്ഥയുടെ ശിഥിലീകരണത്തിന് സാഹചര്യമുണ്ടാകുന്നതും അഴിമതിയിലൂടെയും കള്ളപ്പണത്തിലൂടെയും സമ്പത്ത് ധ്രുവീകരിക്കപ്പെടുന്നതുകൊണ്ടാണ്. സ്വകാര്യ നിക്ഷേപത്തെ പ്രോൽസാഹിപ്പിക്കാനും കാർഷിക പരമ്പരാഗത വ്യവസായ മേഖല വളർത്തുവാനും 40,000 കോടി രൂപയുടെ സമഗ്രമായ ഒരു പശ്ചാത്തല വികസന മാസ്റ്റർപ്ലാനാണ് ബഡ്ജറ്റിലൂടെ പ്രഖ്യാപിക്കപ്പെട്ടത്. കേരളത്തിലെ സഹകരണസ്ഥാപനങ്ങളെക്കൂടി ഈ പദ്ധതിയിൽ ഉൾപ്പെടുത്തണം. ആഭ്യന്തര സ്രോതസ്സ് ഉപയോഗിച്ചുള്ള പശ്ചാത്തല വികസന ബദൽതന്ത്രം രാഷ്ട്രത്തിനുതന്നെ മാതൃകയാകുവാൻ പോവുകയാണ്. കാർഷിക ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിന് 'സുസ്ഥിര ഗാലസ' പദ്ധതി സംസ്ഥാനമൊട്ടാകെ നടപ്പിലാക്കണം. കൊടകരയിൽ സുസ്ഥിര തണൽ പദ്ധതിയിൽ പകൽവീട് നിർമ്മാണത്തിനായി നൽകിയ നിർദ്ദേശം പരിഗണിക്കണം.

<u>ശ്രീ. തോമസ് ചാണ്ടി:</u> ബഡ്ജറ്റിനെ അനുകൂലിക്കുന്നു. നെൽകൃഷി ലാഭത്തിലാക്കാനും നെല്ലിന്റെ സംഭരണവില 14 രൂപയായി ഉയർത്താനും കഴിഞ്ഞിട്ടുണ്ട്. കുട്ടനാട്ടിൽ കൈനകരിയിലും ചമ്പക്കുളത്തും പാലങ്ങളുടെ പണി ആരംഭിക്കുകയും കാവാലത്ത് ഒരു പുതിയ പാലം നിർമ്മിക്കാൻ ബഡ്ജറ്റ് നിർദ്ദേശവുമുണ്ട്. കഴിഞ്ഞ 4 വർഷത്തിനകം നാലഞ്ച് പാലങ്ങൾ കുട്ടനാട്ടിൽ നിർമ്മിക്കാൻ സാധിച്ചത് ആശ്വാസകരമാണ്. കുട്ടനാട് പാക്കേജ് നടപ്പിലാക്കിക്കൊണ്ടിരിക്കുകയാണ്. പി.എം.ജി.എസ്.വൈ. പ്രകാരമുള്ള

റോഡുകളുടെ പുനരുദ്ധാരണത്തിന് 13 കോടി രൂപ വകയിരുത്തിയത് സ്വാഗതാർഹമാണ്. വർഷങ്ങളായി ആശുപത്രിവികസനമില്ലാതിരുന്ന കുട്ടനാട്ടിൽ എൻ.ആർ.എച്ച്.എം. ഫണ്ട് ഉപയോഗിച്ച് ആശുപത്രി കെട്ടിടം നിർമ്മിച്ചത് ആശ്വാസകരമാണ്. കുട്ടനാട്ടിൽ പുതിയ ഇലക്ട്രിക് പോസ്റ്റുകൾ സ്ഥാപിക്കുന്നതിന് 42 കോടി രൂപ അനുവദിച്ചത് ശ്ലാഘനീയമാണ്.

ശ്രീമതി കെ.എസ്.സലീഖ: ബഡ്ജറ്റിനെ അനുകൂലിക്കുന്നു. സംസ്ഥാനത്ത് വിദ്യാഭ്യാസ-ആരോഗ്യ-സാമൂഹ്യ സുരക്ഷയ്ക്കുവേണ്ടി ക്ഷേമനിധികളും പെൻഷൻ പദ്ധതികളും നടപ്പാക്കുകയും കുടിശ്ശിക കൊടുത്തുതീർക്കുകയും ചെയ്തു. മികച്ച ധനകാര്യ മാനേജ്മെന്റിലൂടെ ധനക്കമ്മി കുറച്ചുകൊണ്ടുവരാനും നികുതിവരുമാനം വർദ്ധിപ്പിക്കാനും സാധിച്ചു. കഴിഞ്ഞ നാലേമുക്കാൽ കൊല്ലത്തിനിടയിൽ ഒരു ദിവസം പോലും ട്രഷറി ഓവർഡ്രാഫ്റ്റ് ഉണ്ടായിട്ടില്ല. എൽ.ഡി.എഫ്. ഗവൺമെന്റ് സർക്കാർ ജീവനക്കാർക്ക് അനുകൂലമായ നടപടികളാണ് സ്വീകരിച്ചുവരുന്നത്. കേന്ദ്ര സർക്കാരിന്റെ അവഗണന തുടരുമ്പോഴും സമഗ്ര വികസന കാഴ്ചപ്പാടാണ് സംസ്ഥാനം സ്വീകരിക്കുന്നത്. 40000 കോടി രൂപയുടെ സമഗ്ര റോഡ് പുനരുദ്ധാരണ പദ്ധതിക്ക് തുടക്കം കുറിക്കുന്നത് സ്വാഗതാർഹമാണ്. മൂന്ന് ജില്ലകൾ സമ്പൂർണ്ണ വൈദ്യുതീകരണ ജില്ലകളാക്കിയതും നൂറ് നിയോജക മണ്ഡലങ്ങളിൽ മാർച്ച് മാസത്തിനകം സമ്പൂർണ്ണ വൈദ്യുതീകരണം നടപ്പിലാക്കുമെന്ന് പ്രഖ്യാപിച്ചതും വൈദ്യുതി മേഖലയിൽ പുത്തനുണർവ്വുണ്ടാക്കിയിട്ടുണ്ട്. പവർകട്ടും ലോഡ് ഷെഡ്ഡിംഗും പൂർണ്ണമായും ഇല്ലാതാക്കി. മീറ്റർ വാടക ഒഴിവാക്കി. ജില്ലകൾതോറും അദാലത്തുകൾ സംഘടിപ്പിച്ച് വൈദ്യുതി പ്രശ്നങ്ങൾക്ക് പരിഹാരം കാണാൻ

കഴിഞ്ഞു. പൊതുമേഖലാ സ്ഥാപനങ്ങൾ ലാഭത്തിലാക്കി. സ്മാർട്ട് സിറ്റി പദ്ധതി യാഥാർത്ഥ്യമാക്കാൻ സാധിച്ചു. ഭരണ-പ്രതിപക്ഷ ഭേദമെന്യെ കേന്ദ്രത്തിൽ സമ്മർദ്ദം ചെലുത്തി കഞ്ചിക്കോട് കോച്ച് ഫാക്ടറി യാഥാർത്ഥ്യ മാക്കണം. സംസ്ഥാനത്ത് ജനിക്കുന്ന ഓരോ കുഞ്ഞിന്റെ പേരിലും 10000 രൂപയുടെ സ്ഥിരനിക്ഷേപം ഏർപ്പെടുത്താനുള്ള തീരുമാനം അഭനന്ദനാർഹ മാണ്. സഹകരണ മേഖലയിലൂടെ വിലക്കയറ്റം ഒരു പരിധിവരെ പിടിച്ചു നിർത്താൻ സാധിച്ചു. രണ്ട് രൂപയ്ക്ക് അരി നൽകുന്ന പദ്ധതി 40 ലക്ഷം കുടുംബങ്ങളിലേയ്ക്ക് വ്യാപിപ്പിക്കാൻ നടപടി സ്വീകരിച്ചു. പരമ്പരാഗത മേഖലകളിലെ തൊഴിലാളികൾക്ക് ഒട്ടേറെ സഹായങ്ങൾ നൽകി. പിന്നോക്ക വിഭാഗങ്ങൾക്കുള്ള പദ്ധതികൾക്കനുവദിച്ച തുക പൂർണ്ണമായും ചെലവഴി ക്കാൻ സാധിച്ചു. പട്ടികജാതിയിൽപ്പെട്ട 14500 കുടുംബങ്ങൾക്ക് കൈവശാവ കാശ രേഖ നൽകിയതും പട്ടികവിഭാഗത്തിൽപ്പെട്ട ആളുകൾക്ക് വനഭൂമി പതിച്ചുകൊടുത്തതും പ്രശംസനീയമാണ്. സ്ത്രീകൾക്കായുള്ള പ്രത്യേക സ്കീമുകൾക്ക് 770 കോടി രൂപ നീക്കിവച്ചത് മാതൃകാപരമാണ്. അവിവാ ഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ പദ്ധതിയുടെ പ്രായപരിധി 40 ആക്കി കുറയ്ക്കുകയും തുക 400 രൂപയാക്കി കൂട്ടുകയും ചെയ്തു. വനിതാ വികസന വകുപ്പ് രൂപീകരിച്ചു. നെല്ലിന്റെ സംഭരണവില 14 രൂപയായി വർദ്ധിപ്പിച്ചു. കാർഷിക മേഖലയിലെ പ്രതിസന്ധി പരിഹരിക്കു ന്നതിൽ വിജയിച്ചു. പത്രപ്രവർത്തക പെൻഷൻ ഉൾപ്പെടെ വിവിധ പെൻഷ നുകൾ വർദ്ധിപ്പിച്ച നടപടി സ്വാഗതാർഹമാണ്. കർഷകത്തൊഴിലാളി പെൻഷൻ തുക വർദ്ധിപ്പിക്കാൻ നടപടി സ്വീകരിക്കണം. കെ.എസ്.ആർ.ടി.സി.-ക്ക് പരമാവധി സാമ്പത്തികസഹായം നൽകി ലാഭത്തി

ലാക്കാനും ശുദ്ധജലവിതരണ രംഗത്ത് വലിയ മാറ്റമുണ്ടാക്കാനും സാധിച്ചു. 80 ശതമാനത്തോളം വർക്കുകൾ പൂർത്തീകരിച്ച പദ്ധതികൾക്ക് ടെണ്ടർ എക്സസ് അനുവദിക്കാൻ നയപരമായ തീരുമാനമെടുക്കാൻ ഗവൺമെന്റ് തയ്യാറാകണം.

ശ്രീ. സി. പി. മുഹമ്മദ് : ബഡ്ജറ്റിനെ എതിർക്കുന്നു. നടപ്പാക്കാത്ത പദ്ധതികളുടെ പ്രഖ്യാപനങ്ങളാണ് ബഡ്ജറ്റിലുള്ളത്. 2006-ലെ ബഡ്ജറ്റിലെ പ്രഖ്യാപനങ്ങൾപോലും നടപ്പിലാക്കാൻ കഴിഞ്ഞിട്ടില്ല. 2010-11-ൽ പൊതുക്കടം 78,327 കോടി രൂപയായി വർദ്ധിച്ചിരിക്കുകയാണ്. അഞ്ച് വർഷത്തെ പദ്ധതിപ്പണം ചെലവഴിക്കാൻ കഴിഞ്ഞിട്ടില്ല. ഭക്ഷ്യസുരക്ഷാ പദ്ധതിക്ക് മുൻഗണന നൽകണം. ഹരിതവനങ്ങളും കണ്ടൽക്കാടുകളും തോടുകളും സംരക്ഷിക്കണം. ദ്രവ-ഖര-മാലിന്യ സംസ്ക്കരണത്തിന് ഫണ്ട് അനുവദിക്കണം. കൃഷിയുടെ പ്രാധാന്യം കുറയ്ക്കുകയും വ്യവസായ പദ്ധതികൾക്ക് വ്യക്തമായ കാഴ്ചപ്പാടില്ലാതാക്കുകയും ചെയ്തു. സംസ്ഥാനത്ത് പരിസ്ഥിതി സൗഹൃദമായ രീതിയിൽ വ്യവസായവൽക്കരണം നടപ്പിലാക്കാൻ നടപടിയുണ്ടാകണം. 40,000 കോടി രൂപ അൽബറാക്കിൽനിന്നും കടമെടുത്ത് റോഡ് നിർമ്മാണം നടത്തുമെന്ന പ്രഖ്യപനം നടപ്പിലാക്കാൻ കഴിയുമോ എന്ന് പരിശോധിക്കണം. യു.ഡി.എഫ്. കൊണ്ടുവന്ന ആശ്രയ പദ്ധതി ഇല്ലാതാക്കി. കെ.എസ്.ടി.പി.-യിൽ ഉൾപ്പെടുത്തിയ നിലമ്പൂർ-പെരുമ്പിലാവ് ഹൈവേ ബഡ്ജറ്റിൽ ഉൾപ്പെടുത്തണം. സ്വർണ്ണ വ്യാപാരികളേയും പ്ലൈവുഡ് മേഖലയിലെ വ്യാപാരികളേയും സംരക്ഷിക്കണം. മലമ്പുഴയിലെ മണൽ ലേലം സംബന്ധിച്ച് അന്വേഷണം നടത്തണം.

<u>ശ്രീ. ജോർജ് എം. തോമസ്</u> : ബഡ്ജറ്റിനെ അനുകൂലിക്കുന്നു. കേരള വികസനത്തിന്റെ ആവശ്യങ്ങളെ വിലയിരുത്തി പരിഹാരം നിർദ്ദേശിക്കുന്ന ബഡ്ജറ്റാണിത്. 2006-ലെ നിയമസഭാ തെരഞ്ഞെടുപ്പിൽ ഇടതുപക്ഷജനാധി പത്യ മുന്നണി ജനങ്ങളുടെ മുമ്പിൽ വച്ചിരുന്ന വാഗ്ദാനങ്ങളിൽ ഭൂരിപക്ഷവും പ്രാവർത്തികമാക്കിയതിന്റെ ആത്മവിശ്വാസത്തിലാണ് ധനകാര്യ വകുപ്പുമന്ത്രി ബഡ്ജറ്റ് അവതരിപ്പിച്ചിട്ടുള്ളത്. വർഷങ്ങളായി പ്രാവർത്തികമാകാതിരുന്ന കൊടിയത്തൂരിലെ പാലത്തിന്റെ നിർമ്മാണപ്രവർത്തനങ്ങൾ പൂർത്തിയാക്കിയതിനെ അഭിനന്ദിക്കുന്നു. സംസ്ഥാനത്ത് ജനിക്കുന്ന ഓരോ കുഞ്ഞിന്റെ പേരിലും 10,000 രൂപയുടെ സ്ഥിരനിക്ഷേപം എൻഡോവ്മെന്റായി നൽകുമെന്ന പ്രഖ്യാപനം എത്രയും പെട്ടെന്ന് നടപ്പാക്കാനുള്ള നടപടി സ്വീകരിക്കണം. വയനാട് ചുരത്തിന് താഴെ അടിവാരത്ത് ഒരു പോലീസ് സ്റ്റേഷൻ ആരംഭിക്കണം.

<u>ശ്രീ. പള്ളിപ്രം ബാലൻ</u>: ബഡ്ജറ്റിനെ അനുകൂലിക്കുന്നു. മലബാർ പാക്കേജിൽപ്പെടുത്തി ഹോസ്ദുർഗ്ഗ് നിയോജകമണ്ഡലത്തിൽ അനുവദിച്ച. 150 കോടിയിൽപ്പരം രൂപയുടെ വർക്കുകളുടെ ടെണ്ടർ നടപടികൾ പൂർത്തീക രിച്ച് പ്രവർത്തനങ്ങൾ നടന്നുകൊണ്ടിരിക്കുകയാണ്. ജലവിഭവ വകുപ്പ് ഹോസ്ദുർഗ്ഗ് നിയോജകമണ്ഡലത്തിൽ നടപ്പിലാക്കിയ പദ്ധതികൾ മിക്കവാറും പൂർത്തീകരിച്ചുകഴിഞ്ഞിരിക്കുകയാണ്. സമ്പൂർണ്ണ വൈദ്യുതീകരണം, പാർപ്പിടസൗകര്യം, ഭൂമി ഇല്ലാത്തവന് ഭൂമി നൽകുന്നതി നുള്ള നടപടികൾ, പുതിയ റോഡുകളും പാലങ്ങളും ആരംഭിക്കുന്നതിനുള്ള നടപടി ഇവയൊക്കെ ജില്ലാതലത്തിൽ സമഗ്രമായി നടപ്പിലാക്കിക്കൊണ്ടിരി ക്കുകയാണ്. രണ്ട് രൂപയ്ക്ക് അരി നൽകുന്ന പദ്ധതി 40 ലക്ഷം കുടുംബങ്ങ

ളിലേക്ക് വ്യാപിപ്പിക്കുമെന്ന പ്രഖ്യാപനം സ്വാഗതാർഹമാണ്. വിലക്കയറ്റം നിയന്ത്രിക്കുന്നതിനും സാമൂഹ്യ സുരക്ഷാ പദ്ധതികൾ ആവിഷ്ക്കരിക്കുന്നതിനും നടപടി സ്വീകരിച്ചതിനേയും ക്ഷേമ പെൻഷനുകൾ 400 രൂപയാക്കി വർദ്ധിപ്പിക്കാൻ തീരുമാനിച്ചതിനേയും സ്വാഗതം ചെയ്യുന്നു.

ശ്രീ. പി. ജയരാജൻ: ബഡ്ജറ്റിനെ അനുകൂലിക്കുന്നു. ഈ ഗവൺമെന്റിന്റെ കാലത്ത് കർഷക ആത്മഹത്യ അവസാനിപ്പിക്കാനും ബീഡി, കൈത്തറി, കയർ, കശുവണ്ടി തുടങ്ങിയ പരമ്പരാഗത വ്യവസായ മേഖലകളെ സംരക്ഷിക്കാനും സാധിച്ചു. പൊതുമേഖലാ സ്ഥാപനങ്ങൾ ലാഭകരമാക്കുകയും എട്ട് പൊതുമേഖലാ സ്ഥാപനങ്ങൾ പുതിയതായി ആരംഭിക്കുകയും ചെയ്തു. ക്ഷേമപെൻഷൻ തുക 400 രൂപയാക്കി വർദ്ധിപ്പിക്കുമെന്നും കിടപ്പിലായ രോഗികളുടേയും മാനസിക രോഗികളുടേയും ശുശ്രൂഷകർക്ക് മാസം 300 രൂപ പെൻഷൻ അനുവദിക്കുമെന്നും സ്കൂൾ കുട്ടികൾക്ക് ഉച്ചഭക്ഷണത്തിന് പുറമേ ആഴ്ചയിൽ രണ്ട് ദിവസം പാലും മുട്ടയും നൽകുന്ന പദ്ധതി തുടരാനായി 40 കോടി രൂപ നീക്കിവച്ചതായും സാക്ഷരതാ പ്രേരക്മാരുടെ ഓണറേറിയം 2000 രൂപയായി വർദ്ധിപ്പിക്കുമെന്നും പി.ടി.ഐ.-കളുടെ കീഴിലുള്ള പ്രീ-പ്രൈമറി അധ്യാപകർക്ക് സർക്കാർ നൽകുന്ന ധനസഹായം 600 രൂപയായും ആയമാർക്ക് 400 രൂപയായും വർദ്ധിപ്പിക്കുമെന്നും ആശാ വർക്കർമാർക്ക് 300 രൂപ ഓണറേറിയം അനുവദിക്കുമെന്നും അനാഥാലയങ്ങളുടെ പ്രതിശീർഷ ധനസഹായം 250 രൂപയിൽ നിന്നും 300 രൂപയായി വർദ്ധിപ്പിക്കുമെന്നും അംഗീകാരമുള്ള 250 അനാഥാലയങ്ങൾകൂടി ഗ്രാന്റ്

പദ്ധതിയിലുൾപ്പെടുത്തുമെന്നും പാചകത്തൊഴിലാളികൾക്ക് ക്ഷേമനിധി രൂപീകരിക്കുമെന്നും തെങ്ങുകയറ്റത്തൊഴിലാളികൾക്ക് അപകട സഹായ വിതരണത്തിനായി 1.25 കോടി രൂപ നീക്കിവയ്ക്കുമെന്നും അൺ-എയ്ഡഡ് സ്കൂൾ, കോളേജ്, ട്യൂട്ടോറിയൽ എന്നിവിടങ്ങളിൽ ജോലി ചെയ്യുന്ന ഒന്നര ലക്ഷത്തോളം പേർക്കും സ്വകാര്യ ആശുപത്രികളിലെ നഴ്സുമാർക്കും ക്ഷേമനിധി ഏർപ്പെടുത്തുമെന്നുമുള്ള ബഡ്ജറ്റ് പ്രഖ്യാപനം സ്വാഗതാർഹമാണ്. ക്ഷേമ പെൻഷനുകൾക്കുമാത്രമായി ഈ സർക്കാർ 389 കോടി രൂപയോളം ചെലവഴിച്ചു കഴിഞ്ഞു. പത്രക്കാരുടെ പെൻഷൻ തുക 4,000 രൂപയായി ഉയർത്തുകയും ആരോഗ്യ പദ്ധതിക്ക് 40 ലക്ഷം രൂപ വകയിരുത്തുകയും ചെയ്തിട്ടുണ്ട്. സ്ത്രീകൾക്കായുള്ള പ്രത്യേക ക്ഷേമ പദ്ധതികൾക്ക് 770 കോടി രൂപയും വിധവകൾ, വിവാഹം കഴിയാത്ത സ്ത്രീകൾ എന്നിവർക്കായി 1.5 കോടി രൂപയും പട്ടികജാതി-പട്ടികവർഗ്ഗ ക്ഷേമത്തിനായി 897.80 കോടി രൂപയും ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്. .

<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u> : ബഡ്ജറ്റിനെ എതിർക്കുന്നു. സർക്കാരിന്റെ കെടുകാര്യസ്ഥതമൂലം വിവിധ പദ്ധതികൾക്കായി കേന്ദ്ര സർക്കാർ അനുവദിച്ച ധനസഹായം ലാപ്സായിക്കൊണ്ടിരിക്കുകയാണ്. 50000 ഏക്കർ മിച്ചഭൂമി ഭൂരഹിതർക്ക് വിതരണം ചെയ്യാനുണ്ട്. റിസർവ് ബാങ്കിന്റെ നിബന്ധനകൾക്ക് വിരുദ്ധമായി വിവിധ ക്ഷേമനിധികളിൽനിന്നും കോ-ഓപ്പറേറ്റീവ് ബാങ്കുകളിൽനിന്നും പൊതുമേഖലാ സ്ഥാപനങ്ങളിൽ നിന്നുമായി 7000 കോടി രൂപ 9 ശതമാനം പലിശയ്ക്ക് ട്രഷറിയിൽ നിക്ഷേപി ച്ചതുമൂലം പലിശയിനത്തിൽ വൻബാധ്യതയാണ് വരാൻപോകുന്നത്. റബ്കോ വിവിധ സ്ഥാപനങ്ങളിൽനിന്ന് വായ്പയെടുത്ത 380 കോടി

രൂപയിൽ ഒരു പൈസപോലും തിരിച്ചടയ്ക്കാത്തതിനാൽ പലിശയും പിഴപ്പലിശയും ചേർന്ന് ഏകദേശം 500 കോടിയോളം രൂപ ബാധ്യതയായിരിക്കുകയാണ്. സംസ്ഥാനത്തിന്റെ സമ്പദ്ഘടനയെ തകർക്കുന്ന നയമാണ് സർക്കാർ പിന്തുടരുന്നത്. കഴിഞ്ഞ ബഡ്ജറ്റിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് നീക്കിവച്ചിരുന്ന 40 ശതമാനം ഫണ്ടിന്റെ പകുതിപോലും അനുവദിക്കാതെ പഞ്ചായത്തുകളെക്കൊണ്ട് കടമെടുപ്പിച്ചിരിക്കുകയാണ്. മാഫിയാ സംഘങ്ങളും ഗുണ്ടാസംഘങ്ങളും സംസ്ഥാനത്ത് വിവിധ രൂപത്തിൽ പ്രവർത്തിക്കുകയാണ്. ശമ്പള കമ്മീഷൻ റിപ്പോർട്ടിൽ എല്ലാവിഭാഗം സർക്കാർ ജീവനക്കാർക്കും അസംതൃപ്തിയാണ് നിലനിൽക്കുന്നത്. കഴിഞ്ഞ അഞ്ചുവർഷമായി കേരളത്തിൽ നടന്ന ലോട്ടറി മാഫിയയെക്കുറിച്ച് സി.ബി.ഐ. അന്വേഷിക്കണമെന്നും സംസ്ഥാനത്തിന് നികുതിയിനത്തിൽ നഷ്ടപ്പെട്ട 80000 കോടി രൂപ ഭീകരപ്രവർത്തനത്തിനോ കള്ളനോട്ട് കച്ചവടത്തിനോ ഉപയോഗിച്ചിട്ടുണ്ടോയെന്ന് പരിശോധിക്കണമെന്നും കേന്ദ്ര ഗവൺമെന്റിനോട് മുഖ്യമന്ത്രി ആവശ്യപ്പെട്ടിട്ടുള്ളത് ധനകാര്യ വകുപ്പു മന്ത്രിക്കെതിരെ കേസ്സെടുക്കാൻ വേണ്ടിയാണെന്ന കാര്യം വ്യക്തമാണ്. ഈ ഗവൺമെന്റിന് കൂട്ടുത്തരവാദിത്വം നഷ്ടപ്പെട്ടിരിക്കുകയാണ്. ഓരോ തെരഞ്ഞെടുപ്പിനും മുന്നോടിയായി സ്ത്രീവിഷയവുമായി ബന്ധപ്പെട്ട സംഭവങ്ങൾ കേന്ദ്രീകരിച്ചാണ് സി.പി.ഐ.(എം.) പ്രചരണം നടത്തുന്നത്. കേരളത്തിന്റെ വികസനം മുരടിപ്പിച്ച ഗവൺമെന്റാണ് ഇവിടെ ഭരണം നടത്തുന്നത്.

സഭ ഉച്ചയ്ക്കുശേഷം 2.40-ന് പിരിഞ്ഞു.